
# THE KUDUMBA DEEPAM.


Vol. V.) September 1934. (No. 9.


## വിഷയവിവരം.


1. ജ്ഞാനധ്യാനങ്ങൾ ........................................ 257.
2. നരകുലവൈശിഷ്ട്യം ........................................ 259.
3. അന്യരുടെ വാദങ്ങളും നമ്മുടെ മതതത്വങ്ങളും ..................... 261.
4. ജീവിതസ്ഥിതികൾ ........................................ 265.
5. ക്ലാസുമുറിയിലെ കൊലപാതകം ........................................ 270.
6. ഈശോസഭയുടെ ഒരു ഉൽകൃഷ്ടസന്താനം ........................................ 277.
7. പൊതുനിയോഗം ........................................ 284.
8. ഡോക്ടർ ഡോൾഫസിന്റെ മരണം ........................................ ,,
9. കുറിപ്പുകൾ ........................................ 287.
10. പരസ്യങ്ങൾ ........................................ 288.


You are a chosen generation, a kingly p... ...hased people.
1 Peter 2: 9.

## ഡോക്ടർ നിഷിമൂറ ഡി. എസ്സ്.

## ജാഫാനിസ് ദന്തവൈദ്യൻ.

എറണാകുളം.



പല്ലു സംബന്ധമായ എല്ലാ രോഗങ്ങളും ചികിത്സിച്ചു സുഖപ്പെടുത്തുകയും കൃത്രിമ പല്ലുകൾ വെച്ചുകൊടുക്കയും ചെയ്യുന്നു.


---


# ലൂർദ്ദിലെ വിശുദ്ധ.

ഗ്രന്ഥകർത്താ റവ: ഫാദർ സെറാഫിൻ ബനഡിക്ററ്.

"ലൂർദ്ദിൽ ബെർണ്ണദീത്ത എന്ന ആ ചെറുബാലികക്കു പ. കന്യകാമറിയം പതിനെട്ടുപ്രാവശ്യം പ്രത്യക്ഷപ്പെട്ടതും അവളോടു പല പരിശുദ്ധങ്ങളായ വിവരങ്ങളും അരുളിയതും അതുവഴി അവിടെ ബ്രഹ്മാണ്ഡമായ ദേവാലയങ്ങൾ പണിതീർത്തതും അന്നു തുടങ്ങി ഇന്നോളവും അവിടെ നിരവധി അത്ഭുതങ്ങൾ തുടർച്ചയായി നടന്നുവരുന്നതും മററും ചെറുബാലികാബാലന്മാരെ ആകർഷണീയമാക്കിത്തീർക്കുന്ന പ്രസ്തുത ഗ്രന്ഥം ബാലികാബാലന്മാരെ യഥാർത്ഥഭക്തരും പരമാർത്ഥഹൃദയരുമാക്കിത്തീർക്കുന്നതിനു പര്യാപ്തമായ ഒന്നുതന്നെയാണ്. ഏതൽഗ്രന്ഥം കേരളീയകത്തോലിക്കാകുടുംബങ്ങളിൽ ധാരാളം പ്രചരിച്ചുകാണ്മാൻ ഞങ്ങൾ അതിയായി വാഞ്ഛിക്കുന്നു." പ്രേഷിതൻ.

ഒററപ്രതിക്കു വില അര അണ.
പന്ത്രണ്ടിന് ,, നാലു അണ.

തപാൽക്കൂലി പുറമേ. കുറച്ചുപ്രതികൾ ആവശ്യപ്പെടുന്നവർ സ്റ്റാമ്പു അയച്ചാൽമതി.

മാനേജർ, കുടുംബദീപം.
തേവര, എറണാകുളം.


---

## കുടുംബദീപം.

ഒരാണ്ടത്തെ വരിസംഖ്യ അയച്ചുതരാതെ അപേക്ഷിക്കുന്നവരെ മാസികയുടെ പുതിയ വരിക്കാരായി ചേർക്കുന്നതല്ല.

തുടർച്ചയായ ലേഖനങ്ങൾ മുഴുവനുംകൂടി ഒന്നായി അയച്ചുതരാത്തപക്ഷം പരിശോധിച്ചു തീർച്ചപ്പെടുത്തുവാൻ സൌകര്യപ്പെടുന്നതല്ലായ്കയാൽ എത്ര ദീർഘലേഖനങ്ങളായാലും ഒന്നായിട്ടു അയച്ചുതരേണ്ടതാണ്.

പ്രസിദ്ധീകരണത്തിനായി അയക്കുന്നവ വ്യക്തമായി കടലാസിന്റെ ഒരുവശത്തുമാത്രം എഴുതിയിരിക്കണം.

പത്രാധിപർ, "കുടുംബദീപം," തേവര.



Queen of Martyrs, pray for us.

# കുടുംബദീപം.

പുസ്തകം ൫. } സെപ്റ്റമ്പർ ൧൯൩൪ { ലക്കം ൯.


## ജ്ഞാനധ്യാനങ്ങൾ.

### ധ്യാനത്തിന്റെ ആവശ്യകത.

"കാലം അനുദിനം അധോഗതിയെ പ്രാപിക്കുന്നു" എന്നു നാം പതിവായി കേട്ടുവരാറുള്ള ഒരു ആവലാതിയാണു്. ഈ പ്രസ്താവന, നാം സാധാരണ ശരിയായിട്ടാണു് ഗ്രഹിക്കുന്നതെങ്കിലും അതിൽ ഒരു തെററായ ആശയം അടങ്ങിയിട്ടുണ്ടു്. വാസ്തവത്തിൽ കാലമല്ല ചീത്തയാകുന്നതു്; മനുഷ്യരും അവരുടെ പ്രവൃത്തികളുമാണു് മാറിക്കൊണ്ടിരിക്കുന്നതു്. ഓരോകാലത്തു ജീവിക്കുന്ന മനുഷ്യർ അതതു കാലത്തെ ഒന്നിനൊന്നു വഷളാക്കിത്തീക്കുന്നു എന്നു പറഞ്ഞാൽ കുറച്ചുകൂടി ശരിയായിരിക്കും. അതുകൊണ്ടു കാലം ഭേദമാകണമെന്നു ആഗ്രഹിക്കുന്ന നാം മനുഷ്യരെ നന്നാക്കാനാണു് ശ്രമിക്കേണ്ടതു്. ഓരോ വ്യക്തിയും കുററമററവരായിത്തീരണം. ഇതിനു ദൈവം നിശ്ചയിച്ചിട്ടുള്ള ഏററവും ഫലപ്രദമായ ഒരു മാർഗ്ഗം ജ്ഞാനധ്യാനങ്ങളാണു്.

### ധ്യാനത്തിന്റെ ഉത്ഭവം.

ഈശോസഭയുടെ സ്ഥാപകനായ വിശുദ്ധ ഇഗ്നേഷ്യസ് ലൊയോളയാണു് ഈശ്വരപ്രകാശിതമായ ജ്ഞാനധ്യാനങ്ങളുടെ പ്രയോജകൻ. ക്രിസ്തുവിന്റെ ഈ ധീരഭടൻ, ഏതാനും ദിവസങ്ങൾ സ്പെയിനിലെ മൻറേശ എന്നൊരു ഗുഹയിൽ ഏകാന്തം, ധ്യാനം, തപസ്സു മുതലായ സുകൃതകൃത്യങ്ങളിൽ വ്യാവൃതനായിരുന്നതിന്റെ ശേഷം "ജ്ഞാനധ്യാനങ്ങൾ" എന്നറിയപ്പെടുന്ന പുസ്തകം രചിച്ചു. ഇതു് ൧൫൨൨-ൽ ആയിരുന്നു. ഈ ജ്ഞാനധ്യാനങ്ങൾ ദൈവം വി. ഇഗ്നേഷ്യസിനു വെളിപ്പെടുത്തിയതാണെന്നും അദ്ദേഹം ദേവമാതാവിന്റെ സഹായത്തോടുകൂടി രചി

ച്ചിട്ടുള്ളതാണെന്നും മരിനാദെ എസ്സെൊമ്പാർ എന്ന അനുഗ്ര ഹീതനു ഒരു വെളിപാടു ഉണ്ടായിട്ടുണ്ട്. തന്നിമിത്തം സർവ്വശ ക്തനായ ദൈവം തന്നെയാണ് തൻെറ മക്കളുടെ ആത്മോപ കാരത്തിനായി ഈ ശക്തിയുള്ള ഉപകരണം നിർദ്ദേശിച്ചുതന്നി ട്ടുള്ളതെന്നു സംശയലേശംകൂടാതെ പറയാവുന്നതാണ്.

ധ്യാനത്തിൻെറ വൈശിഷ്ട്യം.

ഈ ജ്ഞാനധ്യാനങ്ങളുടെ ഗുണകരമായ ഫലങ്ങളെ പരി പൂർണ്ണമായി ഗ്രഹിക്കുന്നതിനു അതിൽ സംബന്ധിക്കാതെ ഗത്യ ന്തരമില്ല. മനുഷ്യൻെറ ആദ്ധ്യാത്മിക ജീവിതത്തിൽ അതിനുള്ള അസാധാരണ ശക്തി ഓരോരുത്തരും അനുഭവിച്ചുതന്നെ അ റിയണം. ജ്ഞാനധ്യാനങ്ങളുടെ ശ്രേയസ്കരമായ ഗുണങ്ങളെപ്പ റ്റി പല വിശുദ്ധന്മാരും പ്രശംസിക്കുന്നുണ്ടെങ്കിലും മൂന്നാം പൌ ലോസ് മാപ്പാപ്പായുടെ അഭിനന്ദനം മാത്രമെ ഞാൻ ഇവിടെ ഉദ്ധരിക്കുന്നൊള്ളൂ. "ഈ ജ്ഞാനധ്യാനങ്ങളിൽനിന്നു ഉളവാകുന്ന നിരവധി ഫലങ്ങളും വലിയ പ്രയോജനവും വീക്ഷിച്ചുകൊണ്ടു ഈ പരിശീലനങ്ങളും ഉപദേശങ്ങളും ഫലസന്ദായകങ്ങളാണെ ന്നു നാം പ്രഖ്യാപനം ചെയ്യുന്നു. നാം അവയെ സ്തുതിക്കുകയും നമ്മുടെ പ്രത്യേകസംരക്ഷണയിൽ അവയെ വെയ്ക്കുകയും അതേ സമയംതന്നെ എല്ലാവിശ്വാസികളോടും ഭക്തിപൂർവ്വം അതിൽ സംബന്ധിക്കുന്നതിനു ഉപദേശിക്കുകയും ചെയ്യുന്നു." ഈ ജ്ഞാ നധ്യാനപുസ്തകത്തിൽ എത്ര അക്ഷരങ്ങളുണ്ടൊ അത്രയും ആ ത്മാക്കൾ ആ ജ്ഞാനധ്യാനങ്ങൾവഴിയായി തൻെറ കാലത്തു ത ന്നെ രക്ഷപ്രാപിച്ചിട്ടുണ്ടെന്നു വി. ഫ്രാൻസീസ് ദേസാലസ് എ ഴുതിയിരിക്കുന്നു. പണ്ഡിതവര്യനായ ഡോക്ടർ ഹെററിൻഗർ പറയുന്നതിനെ കേട്ടാലും: ദൈവത്തിനു സമർപ്പിക്കപ്പെട്ട ഒരു മ ഹാത്മാവിൻെറ ഹൃദായന്തർഭാഗത്തുനിന്നു പൊട്ടി പുറപ്പെട്ടിട്ടുള്ള ഒരു സജീവസ്രോതസ്സാണു ഈ ജ്ഞാനധ്യാനങ്ങൾ. അതീതകാ ലങ്ങളിൽ സഭയുടെ നാനാഭാഗങ്ങളിൽകൂടി ഒഴുകി അനേകം ആ ത്മാക്കൾക്കു അതു് പോഷണം നൽകിയിട്ടുണ്ട്. (തുടരും.)

# നരകുലവൈശിഷ്ട്യം.

(റവ. ഫാദർ പയസ് സി. ഡി.)

ഭൂഗോളം വിവിധപദാൎത്ഥങ്ങളുടെ ഒരു സഞ്ചയമാകുന്നു. പ്രസ്തുത പദാൎത്ഥങ്ങളെ മൂന്നായി വിഭജിയ്ക്കാം. ഒന്ന് നിൎജ്ജീവ വസ്തുക്കൾ, മറെറാന്ന് സജീവവസ്തുക്കൾ, മൂന്നാമത്തു് ബോധാത്മകവസ്തുക്കൾ.

ഇവയിൽ തീരെ അധമസ്ഥിതിയിലുള്ളതാണ് നിൎജ്ജീവ വസ്തുക്കൾ. എന്നാൽ അവയ്ക്കു യാതൊരു ശ്രേഷ്ഠതയുമില്ലേ? നിൎജ്ജീവ വസ്തുക്കളെങ്കിലും അവയ്ക്കു ആസ്തിക്യം ഉണ്ട്. ആസ്തിക്യം അഥവാ ഭാവാസ്ഥ ശൂന്യാവസ്ഥയെക്കാൾ ശ്രേഷ്ഠമെന്ന് തത്വശാസ്ത്രം വിധിക്കുന്നു. ഓരോരുത്തരുടെയും സ്വാനുഭവം ഇതിനെ പിൻതാങ്ങി പ്രബലപ്പെടുത്തുന്നു. ധനമൊ, മാനമൊ, ബലമൊ നഷ്ടീഭവിക്കുമ്പോൾ നാം ദുഃഖിക്കുകയും പ്രസ്തുത നഷ്ടം തീരുമ്പോൾ സന്തോഷിക്കുകയും ചെയ്യുന്നതു് സ്വാനുഭവത്തിനുള്ള ഉദാഹരണങ്ങളാണ്. മാത്രമല്ല, ശൂന്യാവസ്ഥയും ഭാവാവസ്ഥയും തീരെ വിപരീതങ്ങളാകയാൽ നിൎജ്ജീവ വസ്തുക്കളാണെന്നിരുന്നാലും അവയുടെ ആസ്തിക്യശ്രേഷ്ഠത അതുല്യമായ ഒന്നാണ്. എങ്കിലും അവ ചരിക്കുന്നില്ല. ഈ കാരണത്താൽ അവ അത്ര ആകൎഷണീയമല്ല.

എന്നാൽ സജീവവസ്തുക്കൾ മനുഷ്യനേത്രങ്ങൾക്കു എങ്ങിനെ? ആസ്തിക്യവിശേഷതയ്ക്കും പുറമെ അവയ്ക്കു പ്രവൃത്തിവിശേഷത കൂടെയുണ്ട്. അവ ചരിക്കുന്നു, ഭുജിക്കുന്നു, ദൎശിക്കുന്നു, ശബ്ദിക്കുന്നു, ഉല്പാദിപ്പിക്കുന്നു. ഇതിനാൽ കല്ല്, മരം, ആദിയായ നിൎജ്ജീവസാധനങ്ങളെക്കാൾ സജീവപദാൎത്ഥങ്ങളായ പക്ഷിമൃഗാദികൾ മനുഷ്യൻെറ കൂടുതൽ ആകൎഷണത്തിനും സ്നേഹത്തിനും വിഷയീഭവിക്കുന്നു.

ഇവ രണ്ടിനേയും ഉല്ലംഘിക്കുന്നതാണ് മൂന്നാം തരം സൃഷ്ടികൾ. അതിനെയാണ് ബോധാത്മകവസ്തു അഥവാ മൎത്ത്യഗണം എന്നു സംബോധനം ചെയ്യുന്നതു്. നിൎജ്ജീവപദാൎത്ഥങ്ങളിലും സജീവസാധനങ്ങളിലും നിക്ഷിപ്തങ്ങളായിരിക്കുന്ന ഇണഗ

ണങ്ങളെല്ലാം മനുഷ്യനിലും കാണുന്നുണ്ട്. ഇതിനാലത്രെ മനുഷ്യനെ ഒരു 'ചെറുലോകം' എന്നു നാമകരണം ചെയ്യാറുള്ളത്. മററു സൃഷ്ടവസ്തുക്കളെ ഭരിച്ചുനടത്തുന്നതിനുകൂടെയും ലോകനിയന്താവിൽനിന്നു മനുഷ്യന് അധികാരപത്രം ലഭിച്ചിട്ടുണ്ട്. "നിങ്ങൾ . . . സമുദ്രത്തിലെ മത്സ്യങ്ങളേയും ആകാശത്തിലെ പക്ഷിയേയും നാട്ടുമൃഗത്തേയും ഭൂമിമേൽ ഇഴയുന്ന സകല ജീവികളേയും ഭരിക്കുവിൻ." (സൃഷ്ടി. ൧. ൨൮.) ഇതിനാൽ മനുഷ്യനെപ്പററി പ്രപഞ്ചരാജനെന്നുകൂടി പറയാം. ഈ മനുഷ്യനു മററു ഭൂസാധനങ്ങൾക്കു ഇല്ലാത്ത ഒരു വിശേഷഗുണംകൂടെയുണ്ട്. അതാണ് ധീശക്തി. അതു വഴിയായി അനുഷ്ഠിക്കേണ്ടതു് ഏതു്, വർജ്ജിക്കേണ്ടതു് ഏതു് എന്നു വിവേചിച്ചറിയുവാൻ മനുഷ്യനു സാധിക്കും. ഈ ധീശക്തി ദൃശ്യമല്ല, അദൃശ്യമാണ്. അതു് അശരീരിയായ മനുഷ്യാത്മാവിൽനിന്നു പുറപ്പെടുന്നു. ഈ ആത്മാവു ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. "ദൈവം അരുളിച്ചെയ്തു: നമ്മുടെ രൂപത്തിൽ നമ്മുടെ സാദൃശ്യംപോലെ മനുഷ്യനെ നാമുക്കുണ്ടാക്കാം"........ "ദൈവം തൻെറ രൂപത്തിൽ അവനെ സൃഷ്ടിച്ചു." (സൃഷ്ടി. ൧. ൨൬, ൨൭) ഈ സംഗതിയിൽ മനുഷ്യനു അദൃശലോകത്തോടു - അതെ വാനാരൂപികളോടു - ഏതാണ്ടു തുല്യതയുള്ളതായി തോന്നുന്നു. ഈ തുല്യതാവൈശിഷ്ട്യത്തെ സങ്കീർത്തനക്കാരൻ ഇവ്വിധം പ്രകീർത്തനം ചെയ്യുന്നു. "അവിടുന്നു മനുഷ്യനെ മാലാഖാമാരിൽനിന്നു അല്പമെ കുറച്ചിട്ടുള്ളു."

എന്നാൽ മനുഷ്യാത്മാവിൻെറ സാക്ഷാലുള്ള മനോഹരത എത്രകണ്ടു അതുല്യമെന്നു അറിയണമെങ്കിൽ പ്രകൃതിനാഥൻെറ വചനങ്ങളെ ശ്രദ്ധിക്കണം. "ലോകം മുഴുവനും നേടിയാലും മനുഷ്യനു അവൻെറ ആത്മാവു നശിച്ചാൽ ഫലം എന്തു്? അഥവാ മനുഷ്യൻ തൻെറ ആത്മാവിനു ഈടായി എന്തു കൊടുക്കും." (മത്ത. ൧൬. ൨൬) ഇതിൽനിന്നു മററു ഭൂസത്വങ്ങളെക്കാൾ അമൂല്യമായ ഒന്നാണ് മനുഷ്യസത്വം എന്നു സിദ്ധിക്കുന്നു. ഈ അമൂല്യത താല്ക്കാലികമല്ല, സനാതനമാണ്. മററു പ്ര

പഞ്ചവസ്തുക്കളെല്ലാം ക്ഷയിച്ചു നാമാവശേഷമാകും. മനുഷ്യാത്മാവാകട്ടെ മരണനാശം കൂടാതെ നിത്യകാലം ജീവിക്കും. പ്രസ്തുത സനാതനജീവിതത്തെ അതിസുന്ദരമാക്കി ചെയ്യുന്നതിന ത്രെ ഭൂഗോളവും അതിലെ സകല ചരാചരപദാൎത്ഥങ്ങളും ജഗന്നിയന്താവു സൃഷ്ടിച്ചിരിക്കുന്നതു്. "ഓ! മനുഷ്യാ, നിൻെറ മഹത്വത്തെ നീ അറിയുന്നുണ്ടോ?" എന്നു വി. ലെയോനോടുകൂടെ ധ്യാനപരവശരായി വിളിച്ചുപറയുന്നതിനു നാം നിബന്ധിതരാകുന്നില്ലേ! കണ്ടാലും, നരകുലം എത്ര വിശിഷ്ടം!

## അന്യരുടെ വാദങ്ങളും,

# നമ്മുടെ മതതത്വങ്ങളും.

(ശാസ്താംകോട്ട എ. അൻറണി ഫെർണാണ്ടസ്.)

ഞാൻ ഇപ്പോൾ ആഴ്ചയിൽ മിക്കദിവസവും ഒരു അക്രൈസ്തവ കേന്ദ്രത്തിൽ താമസിച്ചു വരുന്നു. ഇവിടത്തെ എൻെറ പ്രധാന സ്നേഹിതന്മാർ അഭ്യസ്തവിദ്യരായ ഏതാനും ഹൈന്ദവമാന്യന്മാരാണ്. വിശ്രമാവസരങ്ങളിൽ ഞങ്ങൾ പലപ്പോഴും മതസംബന്ധങ്ങളായ കാൎയ്യങ്ങളേക്കുറിച്ചു സംസാരിക്കാറുണ്ട്. ഒരിക്കൽ ഞങ്ങൾ നാലഞ്ചുപേർകൂടി പല സംഗതികൾ പറഞ്ഞുകൊണ്ടിരുന്ന കൂട്ടത്തിൽ ഒരു സ്നേഹിതൻ ഇങ്ങനെ പറഞ്ഞു. "കത്തോലിക്കരുടെ മതസംബന്ധമായ നടപടികൾ ഇതര ക്രിസ്തീയ വകുപ്പുകാരുടേതിനേക്കാൾ ശ്രേഷ്ഠമാണ്. വിഗ്രഹാരാധനയും മററും നമ്മെപ്പോലെ (ഹിന്തുക്കളേപ്പോലെ) കത്തോലിക്കർക്കും ഉണ്ട്." കത്തോലിക്കരെക്കുറിച്ചുള്ള ഈ പ്രശംസ കേട്ടിട്ടു എനിക്കു ഒട്ടുംതന്നെ സന്തോഷം ഉണ്ടായില്ല. ഞാൻ പറഞ്ഞു:- കത്തോലിക്കർ ഒരിക്കലും വിഗ്രഹങ്ങളെ ആരാധിക്കുന്നില്ല. ആരാധനക്കർഹൻ സാക്ഷാൽ, ദൈവം മാത്രമാണെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നതു്. എന്നാൽ കത്തോലിക്കർ സ്വരൂപ

ങ്ങളെ വന്ദിക്കുന്നുണ്ട്. അതു മൂലത്തെ അനുസ്മരിക്കുന്നതിനും, അനുകരിക്കുന്നതിനുംവേണ്ടിയാണത്രെ. സ്വരൂപവന്ദനയ്ക്കും വിഗ്രഹാരാധനയ്ക്കും തമ്മിൽ ദക്ഷിണോത്തരധ്രുവങ്ങൾക്കു തമ്മിലുള്ളതിനെക്കാൾ വലിയ അന്തരമുണ്ട്. പുരോഹിതൻെറ മന്ത്രോച്ചാരണാദികൾ മൂലം വിഗ്രഹങ്ങളിൽ നിർദ്ദിഷ്ട ദേവതാചൈതന്യം സംജാതമാകുന്നുണ്ടെന്നു വിശ്വസിച്ചു ദൈവസന്നിധിയിൽ എന്നപോലെ അവയ്ക്കു പൂജാദികൾ അർപ്പിക്കുന്നതാണ് വിഗ്രഹാരാധന.

ഈശ്വരൻ സർവ്വവ്യാപിയാണെന്ന് കത്തോലിക്കരെപ്പോലെ തന്നെ ഹിന്ദുക്കളും സമ്മതിക്കുന്നു. പക്ഷെ ദൈവം സർവ്വവസ്തുക്കളുടേയും ഉള്ളിൽ സ്ഥിതിചെയ്യുന്നുണ്ടെന്നുള്ള ഹൈന്ദവവിശ്വാസത്തെ കത്തോലിക്കർ ഒട്ടുംതന്നെ ആദരിക്കുന്നില്ല. കല്ലിലും മുള്ളിലും മററും ദൈവമുണ്ടെന്നു ഒരു കത്തോലിക്കൻ ഒരിക്കലും വിശ്വസിക്കയില്ല; നിശ്ചയം. ഈ വിശ്വദേവതാവാദത്തിൻെറ യുക്തിഹീനത എൻെറ സ്നേഹിതന്മാരെ ധരിപ്പിക്കുന്നതിലേയ്ക്കു ഞാൻ പലപ്പോഴും ശ്രമിച്ചിട്ടുണ്ട്. എന്നാൽ ഒരിക്കലെങ്കിലും എൻെറ വാദങ്ങളെ ശ്രദ്ധാപൂർവ്വം കേൾക്കുന്നതിനുള്ള ക്ഷമ അവർക്കുണ്ടായിട്ടില്ല. ചില മുട്ടുയുക്തികൾ കൊണ്ടവർ ഞാൻ ആരംഭിക്കുന്ന വാദമുഖങ്ങളെ തടുക്കാനാണ് അവർ ശ്രമിക്കുന്നത്. ഞങ്ങളുടെ വാദപ്രതിവാദങ്ങളുടെ സ്വഭാവം ഏകദേശം താഴെ കാണുംപ്രകാരം ആയിരിക്കും.

ഞാൻ: (എൻെറ സ്നേഹിതന്മാരോട്) ഈ കല്ലിൽ ദൈവം ഉണ്ടോ ?

സ്നേഹിതന്മാർ: ഉണ്ട്.

ഞാൻ: എൻെറ ഈ ഫൗണ്ടൻ പേനയിൽ ദൈവം ഉണ്ടോ?

സ്നേഹി: ഉണ്ട്.

ഞാൻ: അപ്പോൾ അമേദ്ധ്യത്തിലും, പുഴുവിലും ദൈവം ഉണ്ടെന്നു നിങ്ങൾ സമ്മതിക്കുന്നു.

സ്നേഹി: എന്താണ് സംശയം. നിശ്ചയമായും അവയിൽ ദൈവം ഉണ്ട്.

ഞാൻ: എൻെറ ബഹുമാന്യ സ്നേഹിതരേ, കല്ലും, ഹേനയും. അമേദ്ധ്യവും, പുഴുവും ദൈവമാണെന്നു നിങ്ങൾ വിശ്വസിക്കുന്നാവോ ?

സ്നേഹി: ഇല്ല. അമേദ്ധ്യാദികളിൽ ദൈവം ഉണ്ടു എന്നു് ഞാൻ സമ്മതിക്കുന്നു. എന്നാൽ അമേദ്ധ്യവും മററും ദൈവമല്ല.

ഞാൻ: ആദ്യം സമ്മതിച്ചതിനെ നിങ്ങൾ ഉത്തരക്ഷണത്തിൽ നിരസിക്കുന്നതെന്താണു് ?

സ്നേഹി: (എന്നെ തോല്പിക്കുന്നതിനായി) എള്ളിൽ, എണ്ണ ഇരിക്കുന്നു. അതുകൊണ്ടു എണ്ണ എള്ളാണെന്നു പറയാമോ ?

ഞാൻ: ഇവിടെ നിങ്ങൾക്കു ഭീമമായ ഒരു അബദ്ധമാണു് പിണഞ്ഞിരിക്കുന്നതു്. സ്രഷ്ടാവായ ദൈവത്തെ — അരൂപിയായ ജഗദീശനെ — നിങ്ങൾ, കോടാനുകോടി സൃഷ്ടികളിൽ ഒന്നായ എള്ളിൽ ഇരിക്കുന്ന എണ്ണയോടു ഉപമിച്ചതു് അത്ര ശരിയാണോ ? ആകൃതിയിലൊ പ്രകൃതിയിലൊ സാദൃശ്യമുള്ള പദാൎത്ഥങ്ങളല്ലയൊ ഉപമാനോപമേയങ്ങളായി വരേണ്ടതു് ? മുഖത്തെ പെൻസിലിനോടും, കണ്ണുകളെ കസേരകളോടും ആരെങ്കിലും ഉപമിക്കാറുണ്ടോ ? എള്ളിൽ എണ്ണപോലെ ഓരോ പദാൎത്ഥങ്ങളിലും ദൈവം അടങ്ങിയിരിക്കുന്നുണ്ടെന്നുള്ള നിങ്ങളുടെ വാദത്തെ, വാദത്തിനുവേണ്ടി സമ്മതിക്കുന്നപക്ഷവും, അഖണ്ഡനായ ദൈവത്തെ നിങ്ങൾ തുണ്ടുതുണ്ടായി കീറിക്കളയുന്നില്ലയോ ? നിങ്ങളുടെ എള്ളും എണ്ണയുംപോലെ ഞാനും ഒന്നു ചോദിക്കുന്നു. കണ്ണിൽ കൃഷ്ണമണിയുണ്ടു്. കൃഷ്ണമണി കണ്ണല്ലെന്നു പറയാമോ ? * * * *

പുനർജന്മവാദം ശരിയാണെന്നുള്ളതിലേക്കു പല തെളിവുകളും എൻെറ മാന്യസ്നേഹിതന്മാർ ഞങ്ങളുടെ വാദപ്രതിവാദസദസ്സുകളിൽ ഹാജരാക്കാറുണ്ടു്. അതിനെപ്പററിയുള്ള എതിർവാദങ്ങളൊന്നും (ജന്മാന്തരവാദത്തെപ്പററി ഈ ലേഖകൻതന്നെ കുടുംബദീപത്തിൽ ഇതിനുമുമ്പു് ഒരു ലേഖനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്) അവകൾ സ്വീകാൎയ്യയോഗ്യങ്ങളായി തോന്നുന്നില്ല.

എൻെറ മാന്യമിത്രങ്ങളുടെ വേറൊരു വാദവിഷയം വളരെ വിചിത്രതരമത്രെ. വ്യഭിചാരം ദോഷമല്ലപോലും!!! അതു ഗുണപ്രദമാണെന്നാണ് അവരുടെ അഭിമതം. യുക്തിവാദം ചെയ്തു ആ അഭിപ്രായം സ്ഥാപിക്കുന്നതിനും അവർ ശ്രമിക്കുന്നു. തങ്ങളുടെ മാനസദർപ്പണത്തിൽ സദാ പ്രതിബിംബിക്കുന്ന മാതൃകകളെ വച്ചുകൊണ്ടായിരിക്കാം ഈ ആശയസമ്പന്നന്മാർ വ്യഭിചാരം പാപമല്ലെന്നു ശഠിക്കുന്നത്.

റഷ്യയിലെ നവീന പരിഷ്കാരങ്ങളോടും എൻെറ ചങ്ങാതികൾക്കു വളരെ ഇഷ്ടമുണ്ടെന്നു അവരുടെ ചില പ്രസ്താവനകളിൽനിന്നു ഞാൻ അനുമാനിക്കുന്നു. പക്ഷെ അതിൻെറ ഒരു വശത്തെപ്പററിമാത്രമെ അവർ അറിഞ്ഞിട്ടുള്ളു. മററുവശത്തെപ്പററി എന്തെങ്കിലും പറഞ്ഞാൽ അതു കേൾക്കാൻ എൻെറ സ്നേഹിതന്മാൎക്കു കാതില്ല.

ആരോഗ്യത്തിനു ആവശ്യം ശുദ്ധ വായുവാണ്. അശുദ്ധവായു ആരോഗ്യത്തെ ഹനിക്കുന്നു. പക്ഷെ ഈ തത്വങ്ങൾ അറിഞ്ഞവരും അറിയാതെ ചിലപ്പോൾ മാലിന്യം കലന്ന വായു ശ്വസിച്ചുപോകാറുണ്ട്. തന്നിമിത്തം ഉണ്ടാകാവുന്ന ദൂഷ്യങ്ങൾ തീരുന്നതിനു കഴിയുന്നതും ധാരാളമായി ശുദ്ധ വായു ശ്വസിക്കുന്നതാണത്രെ ഉത്തമമായ പ്രതിവിധി.

വിഭിന്ന മതശാഖകൾ, വിവിധങ്ങളായ ആശയഗതികൾ, സ്ഥിതിസമത്വാദിമനോഭാവങ്ങൾ, വൈദികവിദ്വേഷം തൊട്ടുള്ള മാനസികരോഗങ്ങൾ മുതലായവയിൽ തട്ടിത്തടഞ്ഞു വരുന്ന മാലിന്യസങ്കലിതമായ ഒരു മതാന്തരീക്ഷത്തിലാണ് അഭ്യസ്തവിദ്യരെന്നഭിമാനിക്കുന്ന ഇന്നത്തെ മഹാ ഭൂരിപക്ഷം ജനങ്ങളും സഞ്ചരിക്കുന്നത്. അതിനാൽ കത്തോലിക്കൻ സദാ ശ്രദ്ധയുള്ളവനായിരിക്കട്ടെ. അവൻെറ വിശ്വാസരക്തത്തിൽ മാലിന്യം കലരാതിരിക്കണമെങ്കിൽ—യഥാൎത്ഥമായ ആത്മീയാരോഗ്യം അവനു സമ്പാദിക്കേണമെങ്കിൽ—കത്തോലിക്കമതതത്വങ്ങളാകുന്ന പരിശുദ്ധ വായു ദിനംദിനം അവൻ അധികമധികമായി ശ്വസിക്കതന്നെവേണം.

---

# ജീവിതസ്ഥിതികൾ.

റവ. ഫാദർ ഫ്രാൻസിസ് സി. ഡി.

ഐഹികജീവിതത്തിൽ പ്രസാദവരം സംഭരിച്ചുകൊണ്ടു, പരത്തിൽ സനാതന സൗഭാഗ്യം കൈവരിക്കുന്നതിന് ഓരോ വ്യക്തിയുക്കും സുസാദ്ധ്യമാക്കിത്തീർക്കുന്ന ഈശ്വരനിശ്ചിതവും സുസ്ഥിരവുമായ ഒരു ജീവിതരീതിയെയാണ് ജീവിതസ്ഥിതി എന്ന പദംകൊണ്ടു മുകളിൽ നിർദ്ദേശിച്ചിരിക്കുന്നതു്. ഭൂമുഖത്തു മനുഷ്യഗണത്തെ അനുസ്യൂതമായി നിലനിറുത്തുമാറു് ദൈവസ്ഥാപിതമായ വിവാഹജീവിതവും, മനുഷ്യോദ്ധാരണത്തിൻെറ അമൂല്യഫലങ്ങളായ പ്രസാദവരങ്ങൾ, മനുഷ്യാത്മാക്കൾ സമ്പൂർണ്ണമായി സംപ്രാപിക്കുന്നതിനു ലോകൈകഗുരുവായ മ്ശിഹായാൽ സംസ്ഥാപിതമായ പൌരോഹിത്യവും ജീവിതസ്ഥിതിക്കു ഉദാഹരണങ്ങളാണ്. ജീവിതരീതിയാകട്ടെ, അവശ്യം സ്ഥിരമുള്ളതായിരിക്കണം. കാരണം, നിർദ്ദിഷ്ട ജീവിതസ്ഥിതിയെ ഓരോ വ്യക്തിയും കൈവെടിയുന്നപക്ഷം, ഭൂമുഖം പ്രായേണ ക്രമരാഹിത്യത്തിൻെറയും ഛിദ്രങ്ങളുടെയും കേളിരംഗമായിത്തീരുകയും, ഏതദ്വാരാ സമുദായവും മനുഷ്യഗണവും ക്ഷയോന്മുഖമാവുകയും ചെയ്യുമെന്നുള്ളതുതന്നെ.

ജീവിതസ്ഥിതികൾ സർവ്വസാധാരണയായി, ദാമ്പത്യം, ചാരിത്ര്യം (വൈധവ്യവും ഈ വിഭാഗത്തിൽ ഉൾപ്പെട്ടതാം) സന്യാസം, പൌരോഹിത്യം, എന്നു നാലായി വിഭജിക്കപ്പെടാറുണ്ടു്. ഓരോ വ്യക്തിക്കും ഓരോ സ്ഥിതിയിലേക്കു ജഗന്നിയന്താവു നൽകുന്ന പ്രേരണ, അഥവാ ക്ഷണം, ദൈവവിളി എന്നു വിളിക്കപ്പെടുന്നു. തങ്ങളുടെ വിളി ഏതെന്നും, ഐഹിക ജീവിതത്തിൽ ഏതു സ്ഥിതിയിൽ നിലനിന്നുകൊണ്ടു സ്രഷ്ടാവിനെ സേവിക്കണമെന്നും, കൂലങ്കഷമായി പരിശോധിച്ചു തിരഞ്ഞെടുക്കുക ഓരൊ വ്യക്തിയുടെയും ഐഹികധർമ്മങ്ങളിൽ നൽപ്രധാനമത്രെ. എന്നാൽ ഒരു പ്രത്യേക ഉദ്യോഗമൊ, തൊഴിലൊ, ഉദാഹരണമായി കൃഷിയൊ കച്ചവടമൊ വിളിയുടെ ക്ലിപ്തമായ അർത്ഥത്തിൽ വിവക്ഷിക്കപ്പെടുന്നില്ല. ദൈവികപ്രേരണയനുസ

രിച്ചു ഒരു വ്യക്തി ഒരു ജീവിതസ്ഥിതി തിരഞ്ഞെടുത്തു കഴിഞ്ഞാൽ അതിൽതന്നെ വിവിധ കൃത്യങ്ങളൊ വ്യവഹാരങ്ങളൊ ഓരോരുത്തരുടെ സ്വാഭാവിക ചാച്ചിലൊ, നൈസൎഗ്ഗികങ്ങളായ ഗുണങ്ങളൊ അനുസരിച്ചു തിരഞ്ഞെടുക്കുന്നതിനു ഓരോരുത്തൎക്കും പരിപൂൎണ്ണസ്വാതന്ത്ര്യം ഉണ്ടു്. അവ പാപകരങ്ങളൊ, പാപഹേതുക്കളൊ ആയിരിക്കരുതെന്നേയുള്ളൂ. വക്കീൽ പണിയൊ, അദ്ധ്യാപകവൃത്തിയൊ, കൃഷികവൃത്തിയൊ ഏതെങ്കിലും അവാം. ഇവ ഓരോന്നും അവരുടെ ജീവിതസ്ഥിതിയ്ക്കൊത്തവിധത്തിൽ ദൈവത്തെ സേവിക്കുന്നതിനും, സ്നേഹിക്കുന്നതിനും എന്നല്ല വിശുദ്ധിയുടെ ഒരു ഉയൎന്ന പദവി പ്രാപിക്കുന്നതിനു സഹായവുമായിരിക്കും. മഹാസിദ്ധനായ വി. യൗസേപ്പു ഒരു ആശാരിപ്പണിക്കാരനായിരുന്നില്ലേ ? വി. കൊസമോസും ദമിയാനും വൈദ്യന്മാരായിരുന്നല്ലൊ. വി. ഇസിദോർ കൃഷികവൃത്തിയിലല്ലേ വിശുദ്ധിപദം നേടിയതു് ? വി. സെബാസ്ത്യൻ ഒരു ഭടനായിരുന്നു. ഫ്രാൻസിലെ വി. ലൂയിസ് ഒരു രാജാവും, വി. സീത്താ ഒരു വേലക്കാരിയും ആയിരുന്നു.

ഈശ്വരൻ ഓരോ വ്യക്തിക്കും ഓരോ ജീവിതസ്ഥിതി അഥവാ ഒരു വിളി നൽകുന്നുണ്ടെന്നുള്ളതു് നിൎവ്വിവാദമായ ഒരു തത്വമായി നാം സ്വീകരിക്കണം. ക്രമീകരിക്കുക എന്നുള്ള ബുദ്ധിശക്തിയുടെ പ്രത്യക്ഷലക്ഷണമാണെങ്കിൽ അഖിലലോകനിയന്താവും സംസ്ഥാപകനുമായ ആ സാക്ഷാൽ ബോധാത്മക സത്വത്തിന്റെ എല്ലാ പ്രവൃത്തികളിലും ക്രമീകരണം പ്രത്യക്ഷപ്പെടാതെ തരമില്ല. മാത്രമല്ല, ക്രമീകരണം സ്വൎഗ്ഗീയനാഥന്റെ സ്വൎഗ്ഗീയ പ്രമാണങ്ങളിൽ പ്രഥമമായി പരിഗണിക്കപ്പെടണം. സൂൎയ്യബിംബാ തുടങ്ങി വ്യോമവീഥിയിൽ കാണുന്ന ബ്രഹ്മാണ്ഡഗോളങ്ങളെയും, നക്ഷത്രജാലങ്ങളെയും അന്തരീക്ഷത്തിൽ വ്യാപിച്ചിരിക്കുന്ന വായുകണങ്ങളെയും, അവയിലെ ഏററം നിസ്സാരമെന്നു തോന്നുന്ന അണുക്കളെയും ഭൂമുഖത്തുള്ള സസ്യജാലങ്ങളെയും, മൃഗങ്ങളെയും, ഏററം ചെറിയ നിൎജ്ജീവ വസ്തുക്കളെയും എന്നുവേണ്ട ദൃശ്യലോകത്തെ എല്ലാം അങ്ങെ ആരാധ്യവും സാ

ർപ്രിത്വീകവുമായ പരിപാലനയാൽ യാതൊരു വ്യതിയാനമൊ വികല്പമൊ കൂടാതെ ഓരോന്നിനെയും അവയ്ക്കുള്ള നിർദ്ദിഷ്ട സ്ഥാനത്തിലും, നിലയിലും സ്ഥിതിചെയ്യിപ്പിച്ചുകൊണ്ടു മാധുര്യമായും ഭംഗിയായും നിയന്ത്രിക്കുന്ന ആ ജഗന്നിയന്താവു വിശേഷബുദ്ധിയുള്ള മനുഷ്യനും അവൻെറ മഹനീയസ്ഥിതിക്കനുസരിച്ചുള്ള ഒരു ജീവിതസ്ഥിതി കല്പിച്ചിട്ടില്ലെന്നു വരുമോ? ഒരിക്കലുമില്ല. മനുഷ്യൻെറ സ്വാഭാവികങ്ങളും സ്വഭാവാതീതങ്ങളുമായ എല്ലാ പ്രവൃത്തികളും അവ എത്ര നിസ്സാരങ്ങൾ ആയിരുന്നാൽ തന്നെയും, അവിടുത്തെ പരിപാലനയാകുന്ന സവീക്ഷണത്തിനു വിധേയങ്ങളാണ്. യാദൃച്ഛികമായി അവനു യാതൊന്നും ഇഹത്തിൽ ഭവിക്കുന്നില്ല. ദൈവികപരിപാലനയുടെ അഥവാ ദൈവികനിർദ്ദേശങ്ങളുടെ അധികാരത്തെ അനുസരിക്കാത്തവരും, അങ്ങെ ആരാധ്യമായ അഭീഷ്ടം അനുസരിക്കുന്നതിനു അവജ്ഞത പ്രദർശിപ്പിക്കുന്നവരുമായ മനുഷ്യർ ഉണ്ടെന്നുള്ളതു വാസ്തവമാണെങ്കിലും അവരുടെ പ്രവൃത്തി ശിക്ഷാർഹമാണെന്നുള്ളതു യഥാർത്ഥമാണ്. ഇന്നു നാം ഭൂമുഖത്ത് ദർശിക്കുന്ന ദുർദ്ദശയും ദൗർഭാഗ്യവും, മനുഷ്യൻ ദൈവാഭീഷ്ടത്തെ അവഗണിക്കുന്നതിൽനിന്നുളവാകുന്ന നാശകരഫലങ്ങളും ദൈവശിക്ഷകളുമാകുന്നു. നേരെമറിച്ചു, ഓരോ വ്യക്തിയും, ഈശ്വരനിർദ്ദിഷ്ടമായ അവനവൻെറ ജീവിതസ്ഥിതിയിൽ അഥവാ വിളിയിൽ അങ്ങെ അഭീഷ്ടാനുസരണം ജീവിച്ചിരുന്നെങ്കിൽ ലോകം ഒരു ഭൗമ്യപറുദീസായായിത്തീരുമായിരുന്നു.

ഒരു ജീവിതസ്ഥിതി കൈവരിക്കുന്നതിനു ഒരു ഈശ്വരനിർദ്ദേശം അഥവാ വിളി ആവശ്യമാണ് എന്നു ഇത്രയും പറഞ്ഞതിൽനിന്നു സ്പഷ്ടം. വിവാഹജീവിതവും ഒരു ജീവിതസ്ഥിതിയാണ് എന്നു മുമ്പു പറഞ്ഞുകഴിഞ്ഞു. ആയതിനാൽ അതിനു ഒരു വിളി കൂടിയേ തീരൂ. കുടുംബദീപം വായനക്കാരോടു പ്രകൃതത്തേപ്പറ്റി കുറെ വിസ്തരിക്കുക നമ്മുടെ ക്രിസ്തീയ കുടുംബങ്ങൾക്കു ഉപകാരപ്രദമായിരിക്കുമെന്നു കരുതുന്നു. ക്രിസ്തീയാദർശങ്ങൾക്കനുരൂപമായി വിവാഹമെന്ന കൂദാശയെ സവീക്ഷിച്ചു

കൊണ്ടു അതിനായി തങ്ങൾക്കു ഒരു വിളി ഉണ്ടോ എന്നു പരിശോധിക്കാതെ, മതിമറന്നു വിവാഹബന്ധത്തിൽ ചെന്നു പിണയുന്നവരായ യുവതീയുവാക്കന്മാർ ധാരാളമാണ്. മനുഷ്യരെല്ലാവരുംതന്നെ വിശിഷ്യ, ക്രിസ്ത്യാനികളും ഈശ്വരാഭീഷ്ടത്തിനു നിശ്ശേഷം അധീനപ്പെട്ടു ജീവിക്കേണ്ടവരത്രെ. ദൈവനിശ്ചയങ്ങൾക്കനുസരണമായി മനുഷ്യവർഗ്ഗം ശാശ്വതമായി നിലനിന്നുപോരുന്നതിനായി മനുഷ്യഗണത്തിൽ ഏതാനും ഒരു ഭാഗമെങ്കിലും ദാമ്പത്യജീവിതം അവലംബിച്ചേതീരൂ എന്നുള്ളതും ഈശ്വരാഭീഷ്ടംതന്നെ. ആയതിനാൽ ദാമ്പത്യജീവിതം ആശ്ലേഷിക്കുന്നതു തങ്ങൾക്കുവേണ്ടി ഈശ്വരനിശ്ചയമാണോ, അഥവാ അതുതന്നെയൊ തങ്ങളുടെ വിളി എന്നു ഓരോരുത്തരും ഗാഢമായി ചിന്തിച്ചതിനുശേഷമെ പ്രസ്തുത ജീവിതസ്ഥിതിക്കു തങ്ങളെത്തന്നെ സമർപ്പിക്കാവൂ എന്നും വിശദമായി.

അങ്ങിനെയെങ്കിൽ ആകാരഭംഗിയാൽ ആകൃഷ്ടരായൊ, പ്രണയപ്രമത്തതയാൽ പ്രേരിതരായൊ, മാതാപിതാക്കന്മാരുടെ നിയമവിരുദ്ധമായ പ്രേരണകൊണ്ടോ ധനതൃഷ്ണകൊണ്ടോ, സാമുദായികോല്കർഷത്തിലുള്ള വാഞ്ഛകൊണ്ടോ നമ്മുടെ യുവതീയുവാക്കന്മാർ ദാമ്പത്യജീവിതത്തിൽ പ്രവേശിക്കേണ്ടവരല്ല. മറിച്ച്, സ്രഷ്ടാവായ ദൈവം തങ്ങൾക്കു നിയമിച്ചിരിക്കുന്ന ജീവിതസ്ഥിതി ഇതുതന്നെ എന്നുള്ള ദൃഢമായ ബോധമായിരിക്കണം പ്രകൃതത്തിലുള്ള അവരുടെ പ്രേരകശക്തി. കുറേക്കൂടെ സ്പഷ്ടമായിപ്പറയാം. ദൈവതിരുമനസ്സായിരിക്കണം നമ്മുടെ പ്രവൎത്തനാരീതിയുടെ പരിമാണം എന്നു നാം ഒരിക്കലും വിസ്മരിക്കരുത്. ഓരോ വ്യക്തിയെയും അങ്ങേക്കിഷ്ടമുള്ള സ്ഥാനത്തു നിലനിറുത്തുന്നതിനുള്ള പരമാധികാരം അങ്ങേക്കുണ്ട്.

എന്നാൽ, നമുക്കു ചുററും അധിവസിക്കുന്ന ക്രിസ്ത്യേതര സമുദായങ്ങളും, ചില ക്രിസ്തീയ സമുദായങ്ങളും വിവാഹത്തോടു പ്രദൎശിപ്പിക്കുന്ന അനാദരവും അതിൻെറ വിശുദ്ധിയെ അവഗണിച്ചുകൊണ്ടുള്ള അവരുടെ പ്രവൎത്തനാരീതിയും, ദാമ്പത്യസുഖം അനുഭവിക്കുന്നതിനായി യുവജനങ്ങൾ കാട്ടിക്കൂട്ടുന്ന വിഭ്രാന്ത

യും, വിവാഹമോചനം നൽകുന്നതിനു സദാ സന്നദ്ധമായി നില്ക്കുന്ന രാഷ്ട്രീയാധികാരികളുടെ കുനയവും, നമ്മുടെ കത്തോലിക്ക ജനതതിയേയും യാതൊരുവിധത്തിലും സ്പർശിക്കുന്നില്ല എന്നു പറഞ്ഞുകൂടാ. "മഹാക്രൂദാശ"യെന്നു വി. ശ്ലീഹാ പറയുന്ന ക്രിസ്തീയവിവാഹത്തെ അവർ നിരാകരിക്കുകയത്രെ ചെയ്യുന്നതു്. സ്വജീവിതസ്ഥിതിയുടെ ഗൌരവാവഹങ്ങളായ ധർമ്മാധർമ്മങ്ങളെയും ജീവപര്യന്തം അവയിൽനിന്നുളവാകുന്ന ഫലങ്ങളേയും നിശ്ശേഷം പരിഗണിക്കാതെ എത്രയൊ യുവതീയുവാക്കന്മാരാണ് ദമ്പതിമാരായിത്തീൎന്നുപോകുന്നതു്. ഈശ്വരാഭീഷ്ടം തങ്ങളെപ്പറ്റി എന്തായിരിക്കുമെന്നുള്ള ചിന്തയേ ഇക്കൂട്ടരുടെ തലയിൽ കയറുന്നില്ല പ്രസാദവരത്താൽ വിശുദ്ധീകൃതവും കന്മഷരഹിതവുമാക്കി ചെയ്യപ്പെട്ട സാക്ഷാത്തായ അനുരാഗത്തിനു പകരം ഐന്ദ്രിയസുഖഭോഗങ്ങളിലേക്കുള്ള അത്യാസക്തിയാണ് ഇവരെ വിവാഹബന്ധത്തിലേക്കു വലിച്ചിഴക്കുന്നതു്. മാതാവായ തിരുസ്സഭ അവളുടെ പ്രേമസന്താനങ്ങളുടെ വിവാഹമെന്ന ക്രൂദാശയെ നിയന്ത്രിക്കുന്നതിനു ചമച്ചിട്ടുള്ള നിയമങ്ങളെ അവഹേളിക്കുന്നതിൽ ഇപ്പറഞ്ഞ വിവാഹേച്ഛുക്കൾക്കു യാതൊരു ക്രൂസല്യമില്ല. വിവാഹത്തിനു മുമ്പായി തങ്ങൾ ഈദൃശ്യജീവിതത്തിനു പ്രാപ്തരാണോ, സമാരംഭിക്കുന്ന സ്നേഹബന്ധത്തിൽ മരണംവരെ നിലനില്ക്കുമോ എന്നിങ്ങനെയുള്ള ചിന്തകൾ ഒരിക്കലും അവർ സമയം കൊടുക്കുകയുമില്ല. എന്നുതന്നെയല്ല, പ്രണയത്തിൻെറ പ്രാരംഭഘട്ടങ്ങളിൽ ഘനമായ നിരവധി പാപങ്ങൾക്കും പാപഹേതുകങ്ങൾക്കും നിർലജ്ജം അവർ തങ്ങളെത്തന്നെ കയ്യാളിക്കുന്നതിനു മടിക്കുന്നില്ല. ഏതൽഫലമായി തങ്ങളുടെ വിവാഹത്തിൻെറ ആരംഭത്തിൽതന്നെ ദൈവത്തിൻെറ ന്യായമായ ശിക്ഷക്കു ഇക്കൂട്ടർ അഹരായി ഭവിക്കുന്നതിൽ അത്ഭുതപ്പെടുവാനില്ല. അയോഗ്യമായ പാപസങ്കീർത്തനം, ദിവ്യകാരുണ്യസ്വീകരണം, വിവാഹം, എന്നിങ്ങനെ മൂന്നു ദൈവദോഷങ്ങളോടു കൂടിയാണ് ചിലർ ഈ ക്രൂദാശ ആദ്യമായി സ്വീകരിക്കുന്നതു്. മററു ചിലർ രാഷ്ട്രീയാധികാരികളുടെ മു

മ്പാകെ വിവാഹഉടമ്പടി രജിസ്റ്റാക്കുന്നതിനും മടിക്കുന്നില്ല. ഇനിയുമൊരു കൂട്ടർ സഭാമാതാവിനെ വിട്ടു അകത്തോലിക്കമതാദ്ധ്യക്ഷന്മാരുടെ മുമ്പാകെ വിവാഹിതരായിത്തീരുന്നു. ഇവരുടെ വിളിയെ അനുവർത്തിക്കുന്നതിൽ ഇവർ കാട്ടിക്കൂട്ടുന്ന ചേഷ്ടകളെക്കുറിച്ചു എന്തു പറയട്ടെ! ദൈവപ്രസാദത്തിനുപകരം ദൈവകോപത്തെയല്ലയൊ ഇവർ സംഭരിക്കുന്നതു്? ഹാ! ദമ്പതിമാർ അവരുടെ ദാമ്പത്യത്തിനുമുമ്പായി തങ്ങളുടെ വിളിയെപ്പററി ബുദ്ധിപൂർവ്വമായി ചിന്തിച്ചു പ്രവർത്തിച്ചിരുന്നെങ്കിൽ, കത്തോലിക്കകുടുംബങ്ങളിൽ ഇന്നു പ്രത്യക്ഷപ്പെടുന്ന ദൌർഭാഗ്യവും, അന്തശ്ഛിദ്രങ്ങളും, കലഹങ്ങളും, കുഴപ്പങ്ങളും, നിശ്ശേഷം ഇല്ലാതായി നമ്മുടെ കുടുംബങ്ങൾ എത്ര മാതൃകാപരമായ കത്തോലിക്കകുടുംബങ്ങളായിത്തീരുമായിരുന്നുവെന്നു, കുടുംബസ്ഥന്മാരായ എന്റെ കുടുംബദീപവായനക്കാർ അവധാനപൂർവ്വം ചിന്തിച്ചാൽ ഞാൻ കൃതാർത്ഥനായി. (തുടരും)

# ക്ലാസ്സ്മുറിയിലെ കൊലപാതകം.

(ശ്രീമാൻ എം. ഒ. ജോസഫ്, നെടുങ്കുന്നം.)

## I

അകത്തെമുറിയിൽ ടിറിൻ! എന്നൊരു ശബ്ദം. പൂമുഖത്തു് ഉല്ലാസചിത്തരായി സ്ഥിതിചെയ്തിരുന്നവർ അല്പമൊന്നു നടുങ്ങാതിരുന്നില്ല. അവർ അത്ഭുതമൂകരായി അകത്തേയ്ക്കും മേല്പോട്ടും നോക്കി. തീക്ഷ്ണമായി നടന്നിരുന്ന സംഭാഷണം പൊടുന്നനവെ നിലച്ചു. പെട്ടെന്നു അകത്തെ മുറിയുടെ കതകിനമറവത്തു് അർദ്ധചന്ദ്രാകാരമായ ഒരു മുഖം പ്രത്യക്ഷപ്പെട്ടതു് പൂമുഖത്തിരുന്നവർ കാണാതിരുന്നില്ല. അതു മാത്തുക്കുട്ടിയാണെന്നു അതിഥികൾ മനസ്സിലാക്കി. മാത്തുക്കുട്ടിയും ലോനപ്പനും ഇതികർത്തവ്യതാമൂഢരായി വിറപൂണ്ടു് അവിടെ നില്ക്കുന്നു.

"ഗുരുത്വംകെട്ട മൂധേവികൾ" മറിയാമ്മ അറിയാതെ പറഞ്ഞുപോയി.

"മൂധേവി. മേധാവിയെന്നാണു് പറയേണ്ടതു്." എന്നു മാത്തുക്കുട്ടി പിറുപിറുത്തു. അനന്തരം പൂമുഖത്തിരുന്ന അതിഥികളോടെന്നപോലെ പറഞ്ഞു: "നിങ്ങളുടെ സ്വൈരത്തിനു ഭംഗം വരുത്തിയതിൽ വ്യസനിക്കുന്നു. ഒരു കേസര അബദ്ധത്തിൽ മറിഞ്ഞു വീണതാണു്."

മറിയാമ്മ തന്നോടുതന്നെയെന്നപോലെ പറഞ്ഞു: "അബദ്ധം! ഊണു കഴിഞ്ഞാൽ ഒരു ജോലി വേണ്ടേ. എന്തു ചെയ്യാം. കൊച്ചുങ്ങളാണെങ്കിൽ തല്ലിവളത്താം. ഇതു ഞാനെന്തുചെയ്യാനാണു."

ലോനപ്പൻ: അതു ശരി. ചേട്ടനും ഞാനും ഇപ്പോൾ ആരാണെന്നു അറിയാമോ? കോളേജ് വിദ്യാൎത്ഥികൾ—

മാത്തുക്കുട്ടി: അതേ ഇതാ സ്കൂൾ തുറക്കാറായി. സ്കൂൾ തുറന്നാലുടൻ ഞങ്ങൾ കോളേജിലല്ലേ?

ലോനപ്പൻ: കോളെജ് കുട്ടികളായ ഞങ്ങളോ മൂധേവികൾ! ഞങ്ങളെ മൎയ്യാദയോടുകൂടി വിളിക്കണം. എല്ലാവരും ഞങ്ങളോട്....

മറിയാ: നിങ്ങൾ കുളത്തിലേക്കു പോക.

* * * *

മാതാവിൻെറ നിൎദ്ദേശമനുസരിച്ചു് ആ കുട്ടികൾ പുറത്തേക്കു പോയി. എങ്കിലും ലോനപ്പൻെറ വാക്കുകൾ പൂമുഖത്തിരുന്നവരുടെ ചിന്താപഥത്തിൽനിന്നും മാൎജ്ജനം ചെയ്യപ്പെട്ടില്ല. "എല്ലാവരും ഞങ്ങളോട്" എന്നു ലോനപ്പൻ അൎദ്ധോക്തിയിൽ വിരമിച്ച വാചകം "എല്ലാവരും ഞങ്ങളോട് ബഹുമാനം പ്രകടിപ്പിക്കണം" എന്നാണെന്നു മിക്കവാറും നിരക്ഷരകുക്ഷികളെങ്കിലും ആ ഗ്രാമീണൎക്കു മനസ്സിലായി.

അന്നവൎക്കു ഒരു സന്തോഷദിനമായിരുന്നു. ഇഗ്നാസിയച്ചൻ പൂന്തോട്ടത്തുവീട്ടിൽ വന്ന വിവരം അറിഞ്ഞു് അവർ അവിടെ എത്തിയിരിക്കുകയാണു്. അതിവിസ്തൃതമായ ഒരു മഹാ ഇട

വകയുടെ ഭരണഭാരം പേറുന്ന ആ മിഷ്യനറി അവരുടെ ഗ്രാമം സന്ദർശിക്കുക വല്ലപ്പോഴുമൊരിക്കൽമാത്രമാണ്. അതിനാൽ അദ്ദേഹവുമായി എല്ലാവിഷയങ്ങളെക്കുറിച്ചും സംസാരിക്കുക അവക്കൊരു ഉത്സവമായിരുന്നു. ഇഗ്നാസിയച്ചൻ പ്രസിദ്ധനായ ഒരു പണ്ഡിതനാണ്. അദ്ദേഹം രചിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ പലതും ആ ഗ്രാമീണഭവനങ്ങളിൽ സുലഭമാണ്. അദ്ദേഹത്തിൽനിന്നു പുറപ്പെടുന്ന അമൃതനിഷ്യന്ദികളായ വചനങ്ങൾ ശ്രവിക്കുന്നതാണ് അവർക്ക് ഇപ്പോൾ സന്തോഷകരമായിരിക്കുന്നതു്.

കാപ്പിസല്ക്കാരത്തിൽ ഭാഗഭാക്കായശേഷം ഇഗ്നാസിയച്ചൻ പൂമുഖത്തു ഒരു ചാരുകസാലയിൽ വന്നിരുന്നപ്പോൾ അവർ അദ്ദേഹത്തിനു ചുറ്റും വന്നുകൂടി. സ്ത്രീജനങ്ങൾ വടക്കിനിയിൽ കതകിനു മറഞ്ഞു നിലയുറപ്പിച്ചു. എന്നാൽ ചില വൃദ്ധസ്ത്രീകൾ വാതിൽ കടന്നു തളത്തിൽ പ്രവേശിക്കാതെയുമിരുന്നില്ല. അവരുടെ ചിന്ത ഇപ്പോൾ പുറത്തേക്കിറങ്ങിപ്പോയ ആ കുട്ടികളെ കേന്ദ്രീകരിച്ചിരിക്കുകയാണ്. പുറത്തു തെരുവീഥിയിൽകൂടി കണ്ണാരുന്തുദമായ ഗർജ്ജനത്തോടുകൂടി പാഞ്ഞുപോയ മോട്ടോർ അവരുടെ ശ്രദ്ധയിൽ പെട്ടില്ല. കിഴക്കേക്കുന്നിൽനിന്നു തേവൻ പുലയൻ ആരെയോ കൂകിവിളിക്കുന്നതിലും അവർ ശ്രദ്ധിച്ചിരുന്നില്ല. കളത്തിൽ വെയിലത്തിട്ടിരിക്കുന്ന "പൊരി"യേപ്പറ്റിയോ, തോട്ടത്തിൽ അഴിച്ചുവിട്ടിരിക്കുന്ന കന്നുകാലികളെപ്പറ്റിയോ അവർ അന്വേഷണം ചെയ്തില്ല. ബാലിശമായ അഭിമാനത്തോടുകൂടി പുറത്തേയ്ക്കിറങ്ങിപ്പോയ ആ ഇരുബാലന്മാരാണ് അവരുടെ ചിന്തയെ ആരോഹണം ചെയ്തിരുന്നതു്.

ഇതിനിടെ സ്ത്രീകളുടെ ഇടയിൽ ഇങ്ങനെയൊരു സംഭാഷണം നടന്നു. അതു് അവർ 'സ്വകാര്യ'മായി കരുതിയിരുന്നവയാണെങ്കിലും പൂമുഖത്തിരുന്ന പുരുഷന്മാർക്കും അതു വ്യക്തമായി കേൾക്കാമായിരുന്നു. അസൂയാവഹമായ ഒരു നോട്ടത്തോടുകൂടി ആച്ചിയമ്മ പറഞ്ഞു: പള്ളിക്കൂടം തുറന്നാലുടനെ മാത്തുക്കുട്ടി കോളെജിൽ ചേരുവാൻ പോകുകയാണെന്നോ ? എന്തിനാണ് കള്ളം പറയുന്നതു്.

മറിയാ: അതു കള്ളമല്ല. കള്ളമാണെന്നു നിങ്ങൾക്കു തോന്നുന്നുണ്ടായിരിക്കാം. എന്നാൽ അതു് പരമാർത്ഥമാണു്.

റോസക്കുട്ടി: അതുവോ: അവർ വെറും കളിപ്പുള്ളേരാണല്ലോ. കൊച്ചുകുട്ടികൾ. ആകട്ടെ നിങ്ങൾ അവരെ എവിടെയാണു് അയയ്ക്കുവാൻ പോകുന്നതു്?

ഇതിനുത്തരം പറഞ്ഞതു് പൂന്തോട്ടത്തിലെ കാരണവരും മാത്തുക്കുട്ടിയുടെ പിതാവുമായ ചാക്കോമാപ്പിളയാണു്. 'മാത്തുക്കുട്ടിയെ ലെയോളായിലേക്കും, ലോനപ്പനെ സെൻറ് ജോസഫ്സിലേക്കാ അയയ്ക്കണമെന്നാണു് തീരുമാനിച്ചിരിക്കുന്നതു്.' ഇതു് മി. ബഞ്ചമിനു രസിച്ചില്ല. സമീപത്തുള്ള ഒരു അകത്തോലിക്കു കോളെജിലെ പ്രൊഫസറുടെ പിതാവാണദ്ദേഹം. വിദൂരമായ സ്ഥലങ്ങളിലേക്കു പാഴ്ചിലവു ചെയ്തു കുട്ടികളെ അയയ്ക്കുന്നതെന്തിനാണെന്നു ഒരു അകത്തോലിക്കനായ മി. ബഞ്ചമിനു മനസ്സിലായില്ല. അതിനാൽ "കത്തോലിക്കകോളെജുകൾ" എന്നു് അയാൾ അറിയാതെ പറഞ്ഞുപോയി.

ചാക്കോ: അതേ. കത്തോലിക്കകോളെജുകൾതന്നെ. എൻെറ കുട്ടികളെ കത്തോലിക്കേതരവിദ്യാലയങ്ങളിലയയ്ക്കുന്ന കാര്യം എനിക്കു സ്മരിക്കുകതന്നെ വയ്യ.

റോസക്കുട്ടി: (സ്ത്രീകളോടായിട്ടെന്നപോലെ പറഞ്ഞു.) ഞങ്ങളുടെ കുഞ്ഞുമത്തായിയും ഇക്കൊല്ലം കോളെജിലേക്കു പോകുവാനൊരുങ്ങിയിരിക്കുകയാണു്. അവനെ രാമപുരത്തെ (കത്തോലിക്കേതര) കോളെജിലാണു് അയയ്ക്കുന്നതു്. ആലീസ്സിനെയും അവിടെത്തന്നെ വിടണമെന്നു വിചാരിക്കുന്നു.

റോസക്കുട്ടി ഇഗ്നാസിയച്ചൻെറ മുഖത്തേയ്ക്കൊന്നു സാകൂതമായി നോക്കി. അച്ചനു് തൻെറ പ്രസ്താവങ്ങൾ രുചിക്കുകയില്ലെന്നു അനുഭവംകൊണ്ടു അവൾക്കു അറിയാമായിരുന്നു. "ചിലരുടെ കത്തോലിക്കത്വം ചായം ചേർന്നതാണു്. സാമൂഹ്യമായ ആദായങ്ങൾക്കുവേണ്ടി, ഒരു പാത്രം പായസത്തിനുവേണ്ടി, തങ്ങളുടെ ജന്മാവകാശത്തെ വില്ക്കുവാൻ അവർ മടിക്കുകയില്ല. വെറും തണുത്ത കത്തോലിക്കത്വമാണു് അവർക്കുള്ളതു്. ഇത്തരം കത്തോ

ലിക്കരിൽനിന്നു കർത്താവെ എന്നെ രക്ഷിക്കണേ എന്നു പ്രാൎത്ഥി ക്കവാൻ തോന്നുന്നു" എന്നു തലേ ഞായറാഴ്ച ഇഗ്നാസിയച്ചൻ പ്രസംഗിച്ചതു് ആ അവസരത്തിൽ അവർ സ്മരിക്കാതിരുന്നില്ല. അതിനാൽ അവർ ഇങ്ങനെ കൂടിപ്പറഞ്ഞു: "കുഞ്ഞുമത്തായി യെയും ആലീസിനെയും രാമപുരത്തെ കോളെജിലയയ്ക്കുന്നതു ഇ ഗ്നാസിയച്ചനു ഇഷ്ടമല്ലെന്നു എനിക്കറിയാം. എന്നാൽ അവൎക്ക ഏററവും നല്ല വിദ്യാഭ്യാസം സിദ്ധിക്കണമെന്നാണു് എൻെറ ആഗ്രഹം."

ഇഗ്നാസിയച്ചനു് ഈ പ്രസ്താവം ഫലിതമയമായിട്ടാണു് തോന്നിയതു്. "അപ്പോൾ ഏററവും നല്ലതു കത്തോലിക്കേതര വിദ്യാലയങ്ങളാണു് അല്ലേ?" എന്നാദ്ദേഹം തന്നോടുതന്നെയെ ന്നപോലെ പറഞ്ഞു. റോസക്കുട്ടിയുടെ ഭർത്താവായ പൈലോച്ച ന തൻെറ ഭാൎയ്യ പറയുന്നതു വേദപ്രമാണമായിരുന്നു. ഇഗ്നാസി യച്ചൻ പൈലോച്ചൻെറ നേരെ തിരിഞ്ഞു "നിങ്ങളുടെ കുട്ടിക ൾക്ക സുഖമാണോ"യെന്നു ചോദിച്ചു.

പൈലോ: സുഖക്കേടൊന്നുമില്ല. പഠനത്തിനു ഒരുമാതിരി മിടു ക്കരാണു്. അച്ചൻ അവരെ കണ്ടുകാണണമല്ലൊ.

ഇഗ്നാ: ഞാൻ അവരെ കണ്ടെന്നുതോന്നുന്നില്ല (എന്നു പതുക്കെ പറഞ്ഞു.) നേരു പറഞ്ഞേക്കാം. ഈ മൂന്നുമാസക്കാലം ഒ ഴിവുദിവസങ്ങളായിരുന്നെങ്കിലും ഒരൊററദിവസംപോലും ഞാൻ അവരെ പള്ളിയിൽ കണ്ടിട്ടില്ല. സുഖക്കേടെന്നാ ണു് ഞാൻ വിചാരിച്ചതു്.

ഈ പ്രസ്താവം മി. പൈലോച്ചനു് നല്ലതുപോലെ കൊണ്ടു. അതിനൊരു മറിച്ചടിയെന്നപോലെ പറഞ്ഞു: "എന്നെപ്പററി പറയുകയാണെങ്കിൽ ഈ കത്തോലിക്കകോളെജുകൾക്കുള്ള വി ശേഷമെന്താണെന്നു് എനിക്കിതേവരെ മനസ്സിലായിട്ടില്ല. ക ത്തോലിക്കൎക്ക് പ്രത്യേകവിദ്യാലയങ്ങൾ വേണമെന്നുള്ള പ്ര ശ്നം എനിക്കിപ്പോഴും അജ്ഞാതമായ ഒരു രഹസ്യമായിരി ക്കുന്നു."

പൈലോച്ചൻെറ ഈ കട്ടായമായ വാക്കുകൾ ഇഗ്നാസിയ

ച്ചനെ പുഞ്ചിരിക്കൊള്ളിച്ചതേയുള്ളു. "എന്നെപ്പററി പറയുകയാണെങ്കിൽ" എന്നുതുടങ്ങി ആധുനികകാലത്തു എന്തുമാത്രം നിരൂപണങ്ങളാണാവോ നടക്കുന്നതു്. തൻെറ പ്രസ്താവം ഇഗ്നാസിയച്ചൻെറ ഹാസ്യസിരകൾക്കുന്മേഷം നല്കിയതേയുള്ളുവെന്നു മനസ്സിലാക്കിയപ്പോൾ പൈലോച്ചനു അല്പം വൈരസ്യം തോന്നാതിരുന്നില്ല. അതിനാൽ കൂട്ടുകാരനെ സഹായിക്കാനെന്നപോലെ മി. ബഞ്ചമിൻ കയറിപ്പറഞ്ഞു: "ഇഗ്നാസിയച്ചനെയും, നിങ്ങളുടെ സഭയെയും എനിക്കു വളരെ മതിക്കുവാൻ സാധിക്കുന്നുണ്ടു്; എന്നാൽ ഈ 'കത്തോലിക്കവിദ്യാഭ്യാസം എല്ലായ്പ്പോഴും എനിക്കു മനസ്സിലാകാത്ത പ്രശ്നമായിട്ടാണിരിക്കുന്നതു്. അതൊരു അബദ്ധവിചാരത്തിൻെറ ഫലമല്ലേയെന്നു ഞാൻ വിചാരിക്കാറുണ്ടു്. ഒന്നാലോചിച്ചുനോക്കാം. വിദ്യാദാനം രാഷ്ട്രത്തിൻെറ കടമയല്ലേ? നിങ്ങൾ കത്തോലിക്കാവിദ്യാലയങ്ങൾക്കായി എന്തുമാത്രം ധനം വ്യയംചെയ്യുന്നു. കുടിപ്പള്ളിക്കൂടംതൊട്ടു സർവ്വകലാശാലവരെയുള്ള വിദ്യാലയങ്ങൾ ഞങ്ങൾ നടത്തിപ്പോരുമ്പോൾ നിങ്ങൾ അതിനായി പണച്ചെലവുചെയ്യുന്നതു ഒരു മാതിരി ഭോഷത്തമല്ലേ?" ഇങ്ങനെ പറഞ്ഞുകൊണ്ടു ബഞ്ചമിൻ ഒരു വിജയച്ചിരിയോടെ കസേരയിലേക്കു ചാരിയിരുന്നു.

വളരെ ശാന്തനായി ഇഗ്നാസിയച്ചൻ ഇങ്ങനെ പറഞ്ഞു: "ഞങ്ങൾ നടത്തിപ്പോരുന്ന" എന്ന അഭിപ്രായം നിങ്ങൾക്കെവിടെനിന്നുകിട്ടി. സർക്കാർ സ്കൂളുകൾക്കും ഗവർമെൻറു വക കോളെജുകൾക്കും ചിലവാകുന്ന പണം ഞാൻ ഖജനാവിൽ അടച്ചിട്ടുള്ള "കത്തോലിക്ക"പ്പണത്തിൽനിന്നുമുള്ളതല്ലേ? നിങ്ങൾ ഗവർമെൻറിലേക്കു നികുതികൊടുക്കുന്നുണ്ടെങ്കിൽ ഞങ്ങളും ഒടുക്കുന്നുണ്ടു്. ഗവർമെൻറ് ചിലവാക്കുന്ന പണം നിങ്ങളുടെതുപോലെതന്നെ ഞങ്ങളുടെതുമാണു്. ഞങ്ങളുടെ ആവശ്യത്തിനു ഞങ്ങൾ വിദ്യാലയങ്ങൾ നടത്തിപ്പോരുന്നുണ്ടെന്നുകണ്ടു് നികുതി വേണ്ടെന്നുവയ്ക്കാറുണ്ടോ? ഇല്ല. ഞങ്ങളെ ഞെക്കിപ്പിഴിഞ്ഞു് കിട്ടുവുന്നിടത്തോളം എടുക്കുന്നുണ്ടു്. അങ്ങനെ ഞങ്ങൾ പണം കൊടുക്കുകയും തന്മൂലം ഞങ്ങൾക്കും സ്വന്തമായിരിക്കുകയും ചെയ്യുന്ന

വിദ്യാലയങ്ങൾ ഞങ്ങൾക്കായി വേറേ ആരോ നടത്തിപ്പോരുന്ന വയാണെന്നു പറയുന്നതു സാഹസമാണ്." മി. ബഞ്ചമിൻ എന്തോ പറയാൻ ഭാവിച്ചു. പക്ഷെ ഇഗ്നേസിയച്ചൻ തുടൎന്നു തന്നെ പറഞ്ഞു: "കുട്ടികൾക്കു വിദ്യാഭ്യാസം നല്കുന്നുണ്ടോയെന്ന് അന്വേഷിക്കുവാൻ രാഷ്ട്രത്തിനു കടമുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. പക്ഷെ അതുകൊണ്ടു വിദ്യാഭ്യാസം പ്രദാനം ചെയ്യേണ്ടതു രാഷ്ട്രത്തിൻെറ ചുമതലയാണെന്നു വരുന്നുണ്ടോ? മാതാപിതാക്കന്മാൎക്കാണു കുട്ടികളുടെ വിദ്യാഭ്യാസച്ചുമതലയുള്ളതു. അവരുടെ ആ ചുമതല അവൎക്കു രാഷ്ട്രത്തിനെ ഏല്പിക്കാവുന്നതാണെന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ ഏതുതരം വിദ്യാഭ്യാസമാണ് തന്റെ കുട്ടികൾക്കു നല്കേണ്ടതെന്നു—ആരാണ് തങ്ങളുടെ മക്കളെ പഠിപ്പിക്കേണ്ടതെന്നു—നിശ്ചയിക്കുവാനുള്ള അവകാശം യാതൊരു കത്തോലിക്കമാതാപിതാക്കന്മാരും രാഷ്ട്രത്തെയോ മററാരെയെങ്കിലുമോ ഏല്പിക്കുന്നതല്ല. രാഷ്ട്രത്തിനു അനിഷ്ടപ്പെടുന്ന ഏതെങ്കിലും വിദ്യാലയത്തിൽ കുട്ടികളെ അയയ്ക്കുവാനുള്ള അധികാരം അവർ ഒരിക്കലും നല്കുന്നതല്ല. അങ്ങനെയൊരു അവകാശമോ അധികാരമോ രാഷ്ട്രത്തിനുണ്ടെന്നു നിങ്ങളും സമ്മതിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. ബഞ്ചമിൻ തല കുലുക്കി "അതേപ്പററിയല്ല ഞാൻ പറഞ്ഞതു്. സൎക്കാരിൽനിന്നും ധാരാളം വിദ്യാലയങ്ങൾ നടത്തിപ്പോരുമ്പോൾ, തനതു സ്കൂളുകൾ നടത്തി സഭ അധികച്ചിലവു സഹിക്കുന്നതു് അനാവശ്യമല്ലേയെന്ന് എനിക്കു പലപ്പോഴും തോന്നാറുണ്ടു്."

ഇഗ്നാ: അധികച്ചിലവല്ല. അഥവാ പരിശുദ്ധമായ ചില ആദൎശങ്ങളെ സംരക്ഷിക്കേണ്ടതായി വരുമ്പോൾ അധികച്ചിലവിനെപ്പററി ഗണിക്കേണ്ടതായിട്ടുമില്ല. തങ്ങൾ പാവനമായി ഗണിക്കുന്ന ആദൎശങ്ങൾ മട്ടിക്കപ്പെടാതിരിക്കുവാൻ ഓരോ സഭാംഗത്തിനും കടമയില്ലെന്നാണോ നിങ്ങളുടെ അഭിപ്രായം?

ഈശോസഭയുടെ

# ഒരു ഉൽകൃഷ്ടസന്താനം.

(ശ്രീമാൻ അൻറണി സി. കോയിത്തറ ബി. ഏ.)

എലിസബത്തു് രാജ്ഞിയുടെ ഭരണകാലത്തു വിഞ്ചസ്റ്റർ കോളേജിൽ ഹെൻറി ഗാർണററ് എന്നു പേരുള്ള ഒരു പ്രോട്ട സ്റ്റാൻറു വിദ്യാർത്ഥി പഠിച്ചിരുന്നു. ബുദ്ധിശാലിയും പരിശ്രമശീലനുമായ ആ ബാലൻെറ ഭാവി അത്യന്തം ശോഭായമാനമായിരിക്കുമെന്നുള്ളതിൽ അയാളുടെ അദ്ധ്യാപകന്മാക്കാകട്ടെ, സതീൎത്ഥ്യക്കാകട്ടെ, പക്ഷാന്തരമുണ്ടായില്ല. അദ്ധ്യയനകാലത്തുതന്നെ ഹെൻറി നടത്തിയ മതപരിശോധനയുടെ ഫലമായി പ്രോട്ടസ്റ്റാൻറു മതത്തിൻെറ അബദ്ധസിദ്ധാന്തങ്ങളെ അയാറം മനസ്സിലാക്കി. താമസമെന്യെ, അയാറം കത്തോലിക്കാമതം സ്വീകരിച്ചു. അനന്തരമാണു് അയാറം റോമിലേക്കു പുറപ്പെട്ടതു്. ൧൫൮൬-ൽ റോമിൽവെച്ചു അയാറം ഈശോസഭയിൽ ചേൎന്നു. പരിപൂൎണ്ണമായ പരിശീലനത്തിനുശേഷം അയാറംക്കു പട്ടം കിട്ടി. ൧൫൮൮-ൽ ഫാദർ ഹെൻറി ഗാർണററ് സ്വദേശമായ ഇംഗ്ലണ്ടിൽ ജോലി ചെയ്യുന്നതിനു നിയുക്തനായി.

ഇംഗ്ലണ്ടിൽ എത്തി രണ്ടു വത്സരത്തിനകം ഫാദർ ഗാർണററ് ഇംഗ്ലണ്ടിൽ ഈശോസഭയുടെ ശ്രേഷ്ഠനായി തിരഞ്ഞെടുക്കപ്പെട്ടു. ദൈവസ്നേഹം, ഹൃദയശുദ്ധത, ദീനദയാലുത്വം, കൃത്യനിഷ്ഠ, സ്ഥിരോത്സാഹം ആദിയായ ഗുണങ്ങളുടെ വിളനിലമായിരുന്ന അദ്ദേഹം സകലരുടെയും ബഹുമാനത്തിനും വാത്സല്യത്തിനും അചിരേണ പാത്രമായി. ഇക്കാലഘട്ടത്തിലാണു് "വെടിമരുന്നു ഗൂഢാലോചന" (Gunpowder Plot) എന്ന നാമത്തിൽ ആംഗ്ലേയചരിത്രത്തിൽ കുപ്രസിദ്ധമായിത്തീൎന്നിട്ടുള്ള ആ അനിഷ്ടസംഭവം ഉണ്ടായതു്.

കത്തോലിക്കരെ നിഷ്ഠുരമായി ദ്രോഹിച്ചിരുന്ന എലിസബത്തു റാണിയുടെ ഭരണം ൧൬൦൩-ൽ അവസാനിച്ചു. അക്കാല്ലം ഒന്നാം ജയിംസ് രാജാവു ഭരണഭാരം കയ്യേററു. കത്തോലിക്കരുടെ അവശതകറം പരിഹരിക്കുകയും അവൎക്കു സമത്വവും

സ്വാതന്ത്ര്യവും നൽകുകയും ചെയ്യാമെന്നു അദ്ദേഹം വിവിധാവസരങ്ങളിൽ വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നതിനാൽ അദ്ദേഹത്തിൻെറ സിംഹാസനാരോഹണം ഭാഗ്യസൂര്യൻെറ ഉദയകാലനക്ഷത്രമെന്നുതന്നെ ഇംഗ്ലണ്ടിലെ കത്തോലിക്കർ കണക്കാക്കി. പക്ഷെ അവരുടെ പ്രതീക്ഷയെല്ലാം ശിഥിലീഭവിച്ചു. കത്തോലിക്കരെ പീഡിപ്പിക്കുന്നതിൽ അദ്വിതീയസ്ഥാനം കരസ്ഥമാക്കണമെന്നുള്ള വാഞ്ഛയാൽ പ്രേരിതനായിട്ടെന്നപോലെ, നവംനവങ്ങളായ നിയമങ്ങൾ കത്തോലിക്കർക്കെതിരായി ജയിംസ് പ്രഥമൻ അവതരിപ്പിച്ചുതുടങ്ങി.

കത്തോലിക്കരുടെ ഗൃഹങ്ങളും വസ്തുക്കളും സർക്കാരിലേക്കു കണ്ടുകെട്ടി. നിസ്സഹായരായ സ്ത്രീകളും കുഞ്ഞുങ്ങളും തടവിലിടപ്പെട്ടു. പുരോഹിതന്മാരിൽ പലരും സ്വർഗ്ഗപ്രാപ്തരായി. മററനേകംപേർ കാരാഗൃഹവാസവും നിഷ്ഠുരപീഡകളും അനുഭവിച്ചുതുടങ്ങി. ശേഷിച്ചവർ പലായനപാരായണന്മാരാകാതെ പ്രാണരക്ഷക്കു മാർഗ്ഗമില്ലെന്ന നിലയിലുമെത്തി. കത്തോലിക്കരുടെ സ്നേഹിതനും അഭ്യുദയകാംക്ഷിയുമെന്നു ഭാവിച്ചിരുന്ന ജയിംസ് അത്രെ ഈദൃശ ഞെരുക്കങ്ങളുടെയെല്ലാം ഹേതുഭൂതനായിരുന്നതു്. ജയിംസിൻെറ വഞ്ചകത്വത്തിൻെറയും ക്രൂരതയുടെയും ഫലമായിരുന്നു വെടിമരുന്നു ഗൂഢാലോചന.

പാർല്ലിമെൻറ് സഭ കൂടുന്ന കെട്ടിടത്തിൻെറ അധോഭാഗത്തുള്ള നിലവറയിൽ വെടിമരുന്നു നിറച്ച് സഭ കൂടുമ്പോൾ വെടിമരുന്നിനു തീ കൊളുത്തി രാജാവിൻെറയും അദ്ദേഹത്തിൻെറ ആലോചനക്കാരുടെയും ജീവഹാനി വരുത്തണമെന്നതായിരുന്നു ഗൂഢാലോചനക്കാരുടെ ഉദ്ദേശം. പ്രസ്തുത ഗൂഢാലോചന ഒരു പാതകമെന്നുള്ളതു് ആരും നിഷേധിക്കയില്ല. കൂടാതെയും തദാലോചനയുടെ അവതാരകന്മാർ നാമമാത്രമായിട്ടെങ്കിലും കത്തോലിക്കരായിരുന്നു. എന്നാൽ ആ കത്തോലിക്കരുടെ സഹനശക്തി അമാനുഷികമായവിധം പരീക്ഷിക്കപ്പെട്ടുപോയി. മൃഗീയവും നിർദ്ദയവുമായ മർദ്ദനമാണ് ഇംഗ്ലീഷു കത്തോലിക്കർ അക്കാലങ്ങളിൽ അനുഭവിച്ചതു്. എന്നിരുന്നാലും ദൈ

വസ്നേഹത്തിൽനിന്നു വ്യതിചലിക്കാതെതന്നെ അവരിൽ ഒട്ടുമുഴു വനുംപേർ ജീവിച്ചു. ക്ഷമയും പ്രാർത്ഥനയും കൈവിടാതെ അ വർ കാൽവരിമുകളിലെ യേശുനാഥൻെറ ഉത്തമ മാതൃകയെ ലക്ഷ്യമാക്കിത്തന്നെ കാലയാപനംചെയ്തു. പക്ഷെ, ഏതാനും പേർ ആ ക്രൈസ്തവ ജീവിതരീതിയിൽനിന്ന് നിർഭാഗ്യവശാൽ തെററിപ്പോയി. ക്രൂരതയും രുധിരധാരയും അവരെ നിരാശാഗ ർത്തത്തിൽ പതിപ്പിച്ചു. "കൊല്ലരുത്" എന്നുള്ള ഈശ്വരകല്പ നയെ അവർ മറന്നു. വെടിമരുന്നു ഗൂഢാലോചന ജാതമായി.

ആലോചനക്കാരിൽ "കാടേസ്ബി" എന്നൊരുവൻ, ഈ ശോസഭയിൽ പെട്ട ഫാദർ ഗ്രീൻവെയുടെ അടുക്കൽ കുമ്പസാ രം കഴിച്ചു. ഈ കുമ്പസാരത്തിൽ ഗൂഢാലോചനയുടെ സകല വിവരങ്ങളും അയാറം വെളിപ്പെടുത്തി. ആ പാതകത്തിൽനി ന്നു അയാളെ വിരമിപ്പിക്കുന്നതിന് പട്ടക്കാരൻ യഥാശക്തി യ ത്നിച്ചു. എങ്കിലും അദ്ദേഹത്തിൻെറ സദുപദേശങ്ങളെല്ലാം നി ഷ്ഫലമായിട്ടാണ് പരിണമിച്ചത്. അവസാനം, സഭാശ്രേഷ്ഠനാ യ ഫാദർ ഗാർണററിൻെറ അടുക്കൽ ഗൂഢാലോചനയുടെ വി വരങ്ങറം പറയുന്നതിനു കാടേസ്ബി ഫാദർ ഗ്രീൻവേക്ക് അ നുവാദം നൽകി. എന്നാൽ പാപസങ്കീർത്തനമുദ്രയിൻകീഴ് വെ ളിപ്പെടുത്തുന്നതിനുമാത്രമായിരുന്നു ആ അനുവാദം.

വിവരങ്ങറം ധരിച്ചപ്പോറം ഫാദർ ഗാർണററ് വിഷാദ പരവശനായിത്തീൎന്നു. കാടേസ്ബിയെ വിളിച്ചു അദ്ദേഹം ഉപ ദേശം തുടങ്ങി. പക്ഷെ ഫലം ശൂന്യമായിരുന്നു. അയാറം രഹ സ്യാലോചനയിൽതന്നെ ബദ്ധതല്പരനായി നിലകൊണ്ടു. അന ന്തരകരണീയം എന്തെന്നുള്ള ചിന്ത ഫാദർ ഗാർണററിനെ വി ഷമിപ്പിച്ചു. രഹസ്യാലോചനയെപ്പററി തനിക്കുണ്ടായിരുന്ന ജ്ഞാനം പാപസങ്കീർത്തനമാകുന്ന അഭഗ്നമുദ്രയാൽ പരിപൂത മാക്കപ്പെട്ടിരുന്നതിനാൽ ഒരുവിധത്തിലും അതു പുറത്തുവിടുന്ന തിനു അദ്ദേഹത്തിനു നിവൃത്തിയില്ലായിരുന്നു. ആസന്നമായ വി പത്തിൽനിന്നു ജയിംസിനെയും അദ്ദേഹത്തിൻെറ ആലോചന ക്കാരെയും ത്രാണനം ചെയ്യുന്നതിനു പ്രാപ്തനല്ലാതെ ആ രാജ

ഭക്തൻ കുഴങ്ങി.

കാട്ടേസ്ബിയുടെ ഒരു വേലക്കാരനിൽനിന്നാണ് ഈ ശേോസഭക്കാർ പൊതുവേയും ഫാദർ ഗാർണററും ഫാദർ ഗ്രീൻവേയും പ്രത്യേകിച്ചും വെടിമരുന്നു ഗൂഢാലോചനയിൽ സംബന്ധിച്ചിട്ടുണ്ട് എന്നുള്ള കിംവദന്തി ഉത്ഭവിച്ചത്. ഉടനെ, ആ രണ്ടു പട്ടക്കാരെയും പിടിക്കുന്നതിനു ഒരു രാജവിളംബരം പുറപ്പെട്ടു. ഫാദർ ഗ്രീൻവെ നാടുവിട്ടുപോയി. എന്നാൽ ഫാദർ ഗാർണററ് ബന്ധനസ്ഥനായിത്തീൎന്നു. അദ്ദേഹം ഭുവനപ്രസിദ്ധമായ ലണ്ടൻ ഗോപുരത്തിലെ (London Tower) കാരാഗൃഹത്തിൽ പാൎപ്പിക്കപ്പെട്ടു.

വന്ന പ്രാവശ്യം വിസ്തരിച്ചിട്ടും ഗൂഢാലോചനയിൽ അദ്ദേഹം സംബന്ധിച്ചിട്ടുണ്ടെന്നു യാതൊരു തെളിവുമുണ്ടായില്ല. അദ്ദേഹത്തിനെതിരായി വിശ്വസനീയമായ ഒരു സാക്ഷിപോലും ഇല്ലായിരുന്നു. ശത്രുക്കളായ പ്രോട്ടസ്റ്റാൻറു ഉദ്യോഗസ്ഥന്മാരുടെ മനസ്സു മുഷിഞ്ഞു. ഫാദർ ഗാർണററിൻെറ ജീവനാശം വരുത്തണമെന്നുള്ള അവരുടെ ദുരഭീഷ്ടത്തെ നിയമദൃഷ്ട്യാ നിറവേററുന്നതിനു വഴി കാണാതെ അവർ വശംകെട്ടു. ഇത്തരുണത്തിലാണ് സാലിസ്ബറിപ്രഭു ഒരു കൌശലം പ്രയോഗിച്ചത്.

ഈശോസഭയിൽ ഉൾപ്പെട്ട ഫാദർ ഓൾഡ്കോൺ എന്നൊരു പട്ടക്കാരൻകൂടി ആയിടക്ക് ലണ്ടൻ ഗോപുരത്തിൽ കാരാഗൃഹവാസം അനുഭവിച്ചിരുന്നു. സാലിസ്ബറിപ്രഭുവിൻെറ താല്പൎയ്യാനുസരണം ഈ രണ്ടു പട്ടക്കാരും അടുത്തടുത്ത് രണ്ടു മുറികളിൽ പാൎപ്പിക്കപ്പെട്ടു. ചുമരിലുണ്ടായിരുന്ന ഒരു വിടവിൽകൂടി അവർ സംഭാഷണം ചെയ്യുന്നതിനിടയാക്കണമെന്നതായിരുന്നു പ്രഭുവിൻെറ ഉദ്ദേശം. ഫാദർ ഗാർണററിൻെറ സ്നേഹിതനും ഗുണകാംക്ഷിയുമെന്ന ഭാവം നടിച്ചുകൊണ്ടു ജയിൽ സൂക്ഷിപ്പുകാരൻ ചുമരിലെ വിടവിനെ അദ്ദേഹത്തിനു കാണിച്ചുകൊടുത്തു. അടുത്ത മുറിയിലുള്ള ഫാദർ ഓൾഡ്കോണുമായി ആ പഴുതിൽകൂടി സംസാരിപ്പാൻ സൌകൎയ്യമുണ്ടെന്നും അയാൾ അദ്ദേഹത്തെ ധരിപ്പിച്ചു.

ഫാദർ ഗാർണററ് കുടിലതയൊന്നും ശങ്കിച്ചില്ല. ഫാദർ ഓൾഡ്കോണിൻെറയടുക്കൽ പാപസങ്കീർത്തനം ചെയ്യുന്നതിന്ന സാധിക്കുമല്ലൊ എന്നോർത്തു അദ്ദേഹം സന്തോഷിച്ചു. പാപസങ്കീർത്തനാനന്തരം വെടിമരുന്നു ഗൂഢാലോചനയെപ്പററി അവർ സംസാരിച്ചുതുടങ്ങി. ഗൂഢാലോചനയെപ്പററി തനിക്കു അറിവുള്ളതായി യാതൊരു തെളിവുമില്ലെന്നും അത്തരം തെളിവ് കൊടുക്കുന്നതിന്ന ഫാദർ ഗ്രീൻവെക്കു മാത്രമെ സാദ്ധ്യമുള്ളു എന്നും ആ സംഭാഷണമദ്ധ്യേ ഫാദർ ഗാർനററ് പ്രസ്താവിച്ചു. മുറിയുടെ സമീപത്തു പതുങ്ങിയിരുന്നിരുന്ന ഒററുകാർ ഇതെല്ലാം ഒരക്ഷരം വിടാതെ കേട്ടു. ഉത്തരക്ഷണത്തിൽ അവർ അതു അധികാരസ്ഥാനങ്ങളിൽ എത്തിക്കയും ചെയ്തു.

൧൬൦൬ മാർച്ച്മാസം ൨൭-ാംതീയതി ഫാദർ ഗാർണററിനെ വീണ്ടും വിസ്തരിച്ചു. കുററം സമ്മതിപ്പിക്കുന്നതിനായി അദ്ദേഹത്തെ തീവ്രമായ ദേഹപീഡകളും വിസ്താരമദ്ധ്യേ അനുഭവിപ്പിക്കാതിരുന്നില്ല. ഉപദ്രവങ്ങളെല്ലാം അദ്ദേഹം ക്ഷമാപൂർവ്വം സഹിച്ചു. ഗൂഢാലോചനയെപ്പററി തനിക്കുണ്ടായിരിക്കുന്ന അറിവ് പാപസങ്കീർത്തനപീഠത്തിങ്കൽവെച്ചു സിദ്ധിച്ചതാണെന്നും, തന്മൂലം മാത്രമാണ് ആ സംഗതി പുറത്തു് പറയാതിരുന്നതെന്നും, എങ്കിലും ആ ദ്രോഹാലോചനയെ തടയുന്നതിന്ന ശക്തിപോലെ താൻ ശ്രമിച്ചുവെന്നും അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിൻെറ നിഷ്കളങ്കഭാവവും ശാന്തവചനങ്ങളും പ്രേക്ഷകന്മാരുടെ ഹൃദയപ്രദേശങ്ങളെ സ്പർശിച്ചു. അദ്ദേഹം നിഷ്കന്മഷൻതന്നെ എന്നായിരുന്നു അവരുടെ ഐകകണ്ഠ്യേനയുള്ള തീരുമാനം. പക്ഷെ ന്യായാധിപസംഘം അദ്ദേഹത്തെ "രാജദ്രോഹി" ആയിട്ടാണ് ഗണിച്ചതു്. അദ്ദേഹത്തെ തൂക്കിക്കൊല്ലണമെന്നായിരുന്നു അവരുടെ വിധി.

പുരാതനത്വത്താലും മനോഹരതയാലും ഇംഗ്ലണ്ടിലെ ദേവാലയങ്ങളിൽ പ്രഥമഗണനീയമായ സെൻററ് പോൾസ് മെത്രാസനപ്പള്ളി മുററത്തു് വെച്ചാണ് ൧൬൦൬ മേമാസം ൩-ാം തിയതി വിധി നടത്തിയതു്. ഫാദർ ഗാർണററു കാരാഗൃഹത്തി

ൽനിന്നു പുറപ്പെട്ടപ്പോൾ കത്തോലിക്കരും പ്രൊട്ടസ്റ്റാൻറുകാരും അടങ്ങിയ ഒരു മഹാ ജനസമൂഹം അദ്ദേഹത്തെ അനുഗമിച്ചു. അദ്ദേഹത്തിൻെറ ഗംഭീരവും നിഷ്കളങ്കവും ആയ ഭാവവും നോട്ടവും ശത്രുക്കളിൽപോലും ബഹുമാനത്തേയും അനുകമ്പയേയും ഉല്പാദിപ്പിക്കാതിരുന്നില്ല. ജനാവലിക്ക അദ്ദേഹം അവസരോചിതമായ ഉപദേശശകലങ്ങൾ നൽകി. ദുഃഖദുരിതങ്ങളായ കുരിശുകൾ മ്ശിഹായ്ക്കു തൻെറ വിശ്വസ്തശുശ്രൂഷികളുടെ നേൎക്കുള്ള വാത്സല്യത്തിൻെറ സൂചനകളാണെന്നും അവയെ ക്ഷമയോടെ സഹിക്കുന്നതാണ് ക്രൈസ്തവജീവിതത്തിൻെറ ഉത്തമ ലക്ഷ്യമെന്നും അദ്ദേഹം ശ്രോതാക്കളെ അനുസ്മരിപ്പിച്ചു. അന്ന് വിശുദ്ധ കുരിശിൻെറ ലബ്ധിയെ തിരുസ്സഭ കൊണ്ടാടുന്ന തിരുനാളായിരുന്നതിനാൽ ഈ ഉപദേശം എത്രയും സന്ദൎഭോചിതമായിരുന്നു.

തൂക്കുമരത്തിൻ ചുവട്ടിൽ മുട്ടുകുത്തി അദ്ദേഹം നിശ്ശബ്ദം പ്രാൎത്ഥിച്ചു. അനന്തരം രാജകുടുംബത്തിൻെറമേലും തന്നെ വിധിച്ച ന്യായാധിപന്മാരുടെമേലും അവിടെ സന്നിഹിതമായിരുന്ന ജനൌഘത്തിൻെറമേലും ഉയൎന്ന ശബ്ദത്തിൽ ദൈവാനുഗ്രഹത്തെ അഭ്യൎത്ഥിക്കയാണ് അദ്ദേഹം ചെയ്തതു്. മരണാവസരങ്ങളിൽപോലും രാജകുടുംബത്തിനുവേണ്ടി അപേക്ഷിക്കുന്ന "രാജദ്രോഹികൾ" കത്തോലിക്കരുടെയിടയിൽ മാത്രമെ കാണുകയുള്ളു എന്നു അന്നേ ദിവസം ഏതാനും പ്രൊട്ടസ്റ്റാൻറുകാരെങ്കിലും ഗ്രഹിച്ചിരിക്കണം.

കുരിശടയാളം വരച്ചു മ്ശിഹായോടും കന്യകമറിയത്തോടും പ്രാൎത്ഥിച്ചുകൊണ്ടു ഫാദർ ഗാർണററ് തൂക്കുമരമേറി. ഇംഗ്ലണ്ടു് മാത്രമല്ല, ലോകം മുഴുവനും കൊടുത്താലും ലഭ്യമല്ലാത്ത ആ വിമലാത്മാവു് സ്വൎഗ്ഗത്തിലേക്ക പറന്നു. അവിടെ കൂടിയിരുന്ന ജനങ്ങൾ—ഭൂരിപക്ഷവും അകത്തോലിക്കരായിരുന്നു—ദുഃഖസൂചകമായ നിശ്ശബ്ദതയോടെ സ്വഗേഹങ്ങളിലേക്ക മടങ്ങി. ലോകത്തിലെ ഉത്തമന്മാരുടെ സംഖ്യയിൽ ഒന്നു കുറഞ്ഞു എന്നു അവരെവരുംതന്നെ ധരിച്ചു.

സ്വസേവകരുടെ മഹത്വത്തിൽ സന്തോഷിക്കുന്ന ജഗദീശ്വരൻ ഫാദർ ഗാർണററിന്റെ ജീവിതപരിശുദ്ധിയേയും സ്വൎഗ്ഗപ്രാപ്തിയേയും വിനാവിളംബം പ്രസ്പഷ്ടമാക്കി. അദ്ദേഹത്തിന്റെ പവിത്ര രക്തത്തിന്റെ ഒരു തുള്ളി ഒരു വൈക്കോൽ കഷണത്തിന്മേൽ പതിച്ചു. ഉടനെതന്നെ അദ്ദേഹത്തിന്റെ ഛായ ആ വൈക്കോലിന്മേൽ പ്രത്യക്ഷമായി. കൂടാതെയും, ശത്രുക്കൾ പൈശാചികമായ ക്രൂരതയോടുകൂടി ഖണ്ഡിച്ചു ലണ്ടൻ പാലത്തിന്റെ ഉപരിഭാഗത്തു് തൂക്കിയ അദ്ദേഹത്തിന്റെ ശിരസ്സ്—ദൈവസ്നേഹത്തെപ്രതി സ്വജീവൻ ത്യജിച്ച ആ രക്തസാക്ഷിയുടെ ഉത്തമാംഗം—ഇരുപതു ദിനങ്ങൾ കഴിഞ്ഞിട്ടും രക്തപ്രസാദത്തോടും സ്വൎഗ്ഗീയതേജസ്സോടുംകൂടി സ്ഥിതിചെയ്തു. ദൈവശക്തിക്കസാദ്ധ്യമായി യാതൊന്നുംതന്നെ ഇല്ലല്ലോ.

കത്തോലിക്കാസഭക്ക് ഒരു വിശിഷ്ടഭൂഷണവും ലോകത്തിന് ഒരു അമൂല്യസമ്പത്തും മൎത്ത്യഗണത്തിനു സ്വൎഗ്ഗപ്രാപ്തിക്ക് ഒരു ഉത്തമ സോപാനവുമായി പരിലസിക്കുന്ന ഈശോസഭയിൽ ജീവിതവിശുദ്ധിയാലും കൎമ്മധീരതയാലും പ്രസിദ്ധന്മാരായ അനേകം സുചരിതന്മാർ ജീവിച്ചിട്ടുണ്ടു്. അവരിൽ പ്രഥമപദവിയിൽ പ്രശോഭിക്കുന്ന ഒരു പുരുഷോത്തംസമാണു് ഫാദർ ഹെൻറി ഗാർണ്ണററ്. അവിശ്വാസികളായ ആംഗ്ലേയ പ്രോട്ടസ്റ്റാൻറുകാരാൽ നിഷ്ഠുരണം ചൊരിയപ്പെട്ട അദ്ദേഹത്തിന്റെ നിൎമ്മലരക്തം അജ്ഞാനമാലിന്യത്തെ ദൂരീകരിക്കുവാൻ പൎയ്യാപ്തമായ ദൈവാനുഗ്രഹമാരിയായി പരിണമിച്ചു് ഇംഗ്ലീഷു പ്രോട്ടസ്റ്റാൻറുകാർ ഓരോരുത്തരുടെമേലും വൎഷിക്കുമാറാകട്ടെ.

സ്നേഹം, മൗനം, സഹനം എന്നിവ വഴിയായിട്ടു ജ്ഞാനമുത്ഭവിക്കുന്നു. എപ്പോഴും നിശ്ശബ്ദമായിരിക്കണമെന്നും എപ്പോഴും സഹിക്കണമെന്നും, ഒരിക്കലും അപരന്റെ വചനങ്ങളെയോ പ്രവൃത്തികളെയോ ജീവിതത്തെയോ പററി ചിന്തിക്കരുതെന്നും അറിയുന്നതു വലിയ ജ്ഞാനമാണു്. -കുരിശിന്റെ വി. യോഹന്നാൻ

സെപ്ററമ്പർ മാസത്തിലെ

# പൊതുനിയോഗം.

വൈദികരുടെ ജീവിതവിശുദ്ധി.

വൈദികർ തങ്ങളുടെ ഭരണത്തിൻകീഴുള്ള എല്ലാവരേയും വിശുദ്ധീകരിക്കുന്നതിനു കടപ്പെട്ടവരാകുന്നു. നല്ലവരോടും പാപികളോടും അവർ സമ്പർക്കം ചെയ്യേണ്ടതാകയാൽ ഓരോരുത്തരുടെയും സ്ഥിതിക്കനുസരണമായവിധത്തിൽ പെരുമാറേണ്ടതു ആവശ്യമാണ്. നല്ലവരെ ഉത്തമരാക്കുന്നതിനും പാപികളെ മാനസാന്തരപ്പെടുത്തുന്നതിനും പ്രത്യേകദൈവാനുഗ്രഹം കൂടിയേ കഴിയൂ. മാത്രമല്ല പാപികളോടുള്ള സംസർഗ്ഗംനിമിത്തം പാപമാലിന്യങ്ങളൊന്നും തങ്ങളെ ബാധിക്കാതിരിക്കുന്നതിനു അവർ അത്യന്തം സൂക്ഷിക്കേണ്ടതുണ്ട്. തന്നിമിത്തം വൈദികരുടെ ജീവിത വിശുദ്ധി അത്യുൽകൃഷ്ടമായിരിക്കണമെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. തങ്ങൾക്കില്ലാത്തതു മററുള്ളവർക്കു കൊടുക്കാൻ എങ്ങിനെ സാധിക്കും? വൈദികർ തങ്ങളുടെ വചനങ്ങളാലും പ്രവൃത്തികളാലും മററുള്ളവർക്കു മാതൃകയായിരിക്കേണ്ടതാണ്. അതിനാൽ അവരുടെ പ്രവൃത്തികളെല്ലാം ഫലസമ്പൂർണ്ണമായിത്തീരുന്നതിനുവേണ്ട ദൈവാനുഗ്രഹം അവരുടെമേൽ വർഷിക്കുന്നതിനായി തിരുഹൃദയസഭക്കാർ ഈ മാസത്തിൽ പ്രത്യേകം പ്രാർത്ഥിക്കേണ്ടതാണ്.

# ഡോക്ടർ ഡോൾഫസിൻെറ മരണം.

ആസ്റ്റ്റിയായിലെ പ്രധാന മന്ത്രിയും ഒരു മാതൃകാകത്തോലിക്കനുമായിരുന്ന ഡോക്ടർ ഏൻജൽബർട്ടു ഡോൾഫസിനെ ആസ്റ്റ്റിയായിലെ നാസികക്ഷിയിൽപ്പെട്ട ചില അക്രമികൾ ജൂലൈ ൨൫-ാം തീയതി ചൊവ്വാഴ്ച വെടിവെച്ചുകൊന്നിരിക്കുന്നു. വെടിയേററ അദ്ദേഹത്തിനു നാസികൾ വൈദ്യസഹായം നിഷേധിക്കുകയും ഒരു വൈദികൻ വന്നു് അന്ത്യക്രൂദാശകൾ നൽകു

ന്നതിനെ വിരോധിക്കുകയും ചെയ്തു. തൻെറ വിശ്വസ്ത സഹപ്ര വൎത്തകനായിരുന്ന മേജർ ഫേയുമായി അല്പം സംസാരിക്കുന്നതി ന്നേ ആ ആസന്നമരണന്നു സാധിച്ചുള്ളു. അദ്ദേഹത്തിൻെറ അ ന്ത്യവചസ്സുകൾ "ദയവായി എൻെറ കുടുംബത്തെ സംരക്ഷിച്ചു കൊള്ളണമെ" എന്നായിരുന്നു.

ജൂലൈ ൨൮-ാം തീയതി ഡോക്ടർ ഡോൾഫസ്സിൻെറ ശ വസംസ്കാരം രാജകീയമായവിധം നടത്തപ്പെട്ടിരിക്കുന്നു. വീയെ ന്നാ മെത്രാപ്പോലീത്തയായ കർദ്ദിനാൾ ഇന്നിററ്സർ തിരുമന സ്സുകൊണ്ടാണ് സംസ്കാരകൎമ്മങ്ങൾ നിൎവ്വഹിച്ചതു്. പള്ളിയി ൽ സംസ്കാരകൎമ്മം നടക്കുമ്പോൾ ദേവാലയത്തിൻെറ മുൻഭാഗ ത്തുള്ള ബെഞ്ചുകളിലൊന്നിനടുത്തു വൃദ്ധരും ക്ഷീണിതരുമായ ഒരു സ്ത്രീയും പുരുഷനും—ഡോൾഫസിൻെറ മാതാവും വളൎത്തച്ഛ നും—മുട്ടുകുത്തി പ്രാൎത്ഥിച്ചുകൊണ്ടിരുന്നു.

ആസ്റ്റ്റിയായിലെ നാസിക്കൂട്ടുകെട്ടുകളെല്ലാം അതിശക്തി യായവിധം അമൎത്തിയിരിക്കുന്നതായും അവരുടെ വസ്തുവകകളെ ല്ലാം ഗവൎമ്മെണ്ടിലേക്കു കണ്ടുകെട്ടിയിരിക്കുന്നതായും പുതിയ ഷ സ്നിഗ്ഗ് ഗവൎമ്മെണ്ടു ഔദ്യോഗികമായി പ്രസ്താവിച്ചിരിക്കുന്നു.

ഫേനിൻെറ ഉപദ്രവവും നിവാരണോപായവും.

ഗന്ധകഖനികളിൽ ജോലി ചെയ്യുന്നവൎക്കു മലമ്പനിയൊ മൂട്ട മുതലായ ജന്തുക്കളിൽനിന്നുള്ള ഉപദ്രവമൊ ഉണ്ടാകുന്നില്ലെ ന്നാണ് അറിയുന്നതു്. ഇതു രോമകൂപങ്ങളിൽക്കൂടി പുറത്തു വ രുന്ന വിയൎപ്പും ഗന്ധകവും കൂടിച്ചേൎന്നു ദേഹത്തിൽ പിടിക്കുന്ന തുകൊണ്ടാണത്രെ. പേൻ, മൂട്ട, ചെള്ള് മുതലായവയ്ക്കു ഇതു വിരോധമാകയാൽ അവ ആ ദേഹത്തെ ഉപേക്ഷിക്കുന്നു. ആ യതിനാൽ അടിയിൽ ധരിക്കുന്ന വസ്ത്രങ്ങളിലും ഉടുപ്പുകളിലും അസാരം ഗന്ധകപ്പൊടി പുരട്ടി ആ ഭാഗം ദേഹത്തോടു ചേൎന്നി രിക്കത്തക്കവണ്ണം ധരിക്കുന്നതു നല്ലതാണ്.

# കുറിപ്പുകൾ.

ഈ ആഗസ്റ്റ് ഒന്നാംതീയതി മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു സുഖവാസാർത്ഥം തിരുമനസ്സിലെ വേനൽക്കാലവസതിയായ കാസ്റ്റൽഗോൺഡോൾഫോയിലേക്കു എഴുന്നെള്ളിയിരിക്കുന്നു. അവിടെ ആറാഴ്ചത്തെ താമസമുണ്ടായിരിക്കുന്നതാണ്. തിരുമനസ്സുകൊണ്ടു ൧൯൨൨-ൽ മാർപ്പാപ്പാ ആയതിനു ശേഷമുള്ള പ്രഥമ വിശ്രമവാസമാണിത്. ൧൮൭൦-നുശേഷം ഒരു മാർപ്പാപ്പാ വത്തിക്കാനു പുറത്തു എഴുന്നെള്ളി താമസിക്കുന്നതും ഇതാദ്യമായിട്ടാണ്.

അടുത്ത ഒക്ടോബർ മാസത്തിൽ ബ്യൂനോസ്-എയേഴ്സിൽ സമ്മേളിക്കുന്ന സാർവ്വരാജ്യദിവ്യകാരുണ്യകോൺഗ്രസ്സിൽ മാർപ്പാപ്പായുടെ പ്രതിനിധിയായി സ്റ്റേറ്റ് സിക്രട്ടറിയായ പച്ചേല്ലി കർദ്ദിനാളെ നിയമിക്കുന്നതാണെന്നറിയുന്നു.

ഇക്കഴിഞ്ഞ കൊല്ലം ഇംഗ്ലണ്ടിലും വെയിത്സിലും നിന്നു ൧൨,൦൧൯ പേർ കത്തോലിക്കാ സഭയിൽ പ്രവേശിച്ചതായി ഔദ്യോഗിക റിപ്പോർട്ടിൽ കാണുന്നു. അതിനു മുമ്പിലത്തെ കൊല്ലം അവിടെ മാനസാന്തരപ്പെട്ടവർ ൧൧,൯൭൦-ാണ്. ഈ സംഖ്യയിൽ നോട്ടിംഗാം രൂപത ഉൾപ്പെടുത്തിയിട്ടില്ല. അവിടത്തെ കത്തോലിക്കാ ജനസംഖ്യ ൨,൨൫൩,൨൩൦-ാണ്. അവരുടെ ആത്മപരിപാലനാർത്ഥം അവിടെ ൪,൦൬൭ വൈദികരുണ്ട്.

അമ്മേരിക്കൻ ഐക്യസംസ്ഥാനങ്ങളിൽ ൧൯൩൩-ൽ കത്തോലിക്കമതം സ്വീകരിച്ചവരുടെ സംഖ്യ ൬൦,൩൨൨-ാണ്.

റഷ്യയിലെ ലെനിൻഗ്രാഡിൽ വേറെ വൈദികരില്ലാത്തതുകൊണ്ടു ഒരു ഫ്രഞ്ചു വൈദികൻ ആറുപള്ളികളിലായി ആറു ദിവ്യപൂജ ഞായറാഴ്ചതോറും സമർപ്പിച്ചുവരുന്നു. ബോൾഷെവിസ്റ്റ്കാർ ഞായറാഴ്ച 'നിറുത്തലാക്കി'യതുനിമിത്തം ഉച്ചകഴിഞ്ഞു ഉപവാസം നോക്കുന്ന വിശ്വാസികൾക്കെല്ലാം വൈകുന്നേരം വി. കുർബ്ബാന കൈക്കൊള്ളുവാൻ അനുവാദമുണ്ട്.

സെൻറു ഹെലനാദ്വീപം ബ്രിട്ടീഷ് ഭരണാധിപത്യത്തിൽ വ

നാതിൻെറ ശതാബ്ദപൂർത്തി പ്രമാണിച്ചു കൊൺസ്റ്റന്റയിൻ ചക്രവൎത്തിയുടെ മാതാവായ വി. ഹെലനായുടെ ഛായാപടമുള്ള അര ക്രൌൺ സ്റ്റാമ്പുകൾ നടപ്പാക്കിയിരിക്കുന്നു.

പ. ദേവമാതാവു ഉപയോഗിച്ചിരുന്നതായി പറയപ്പെടുന്ന ഒരു വെയിൽ പാരീസിലെ ചാർട്രെസ് കതിഡ്രലിൽ സൂക്ഷിച്ചുവരുന്നുണ്ടു്. അതു ഇപ്പോൾ വിശ്വാസികൾക്കു കാണുന്നതിനായി പ്രദൎശിപ്പിച്ചുവരുന്നു. അനേകായിരം തീൎത്ഥകർ അതു് ആണ്ടുതോറും സന്ദൎശിക്കുന്നുണ്ടു്.

പാലാഅങ്ങാടിയുടെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നതും അമലോത്ഭവമാതാവിൻെറ നാമത്തിൽ സ്ഥാപിക്കപ്പെട്ടതുമായ ജൂബിലികപ്പേളയിൽ ഈ ആഗസ്റ്റ് ൩-ാംതീയതി വെള്ളിയാഴ്ച രാത്രി ചില അക്രമികൾ കടന്നു അതിൽ പ്രതിഷ്ഠിക്കപ്പെട്ടിരുന്ന മാതാവിൻെറ പ്രതിമയും അൾത്താരയിലിരുന്ന ക്രൂശിതരൂപവും താഴെ മറിച്ചിട്ടു ഛിന്നഭിന്നമാക്കിയ വിവരം ഇതിനകം പ്രസിദ്ധമായിട്ടുള്ളതാണല്ലൊ. ഭഞ്ജിക്കപ്പെട്ട പ്രതിമകളുടെ സ്ഥാനത്തു പുതിയ പ്രതിമകൾ സ്ഥാപിക്കുന്നതു പ്രമാണിച്ചു ആഗസ്റ്റ് ൮-ാംതീയതി ബുധനാഴ്ച നടന്ന ആഘോഷങ്ങളിൽ ൪ മെത്രാന്മാരും ൨൦൦ വൈദികന്മാരും അനേകായിരം ജനങ്ങളും സംബന്ധിച്ചിരുന്നു. പുനഃപ്രതിഷ്ഠാപനകൎമ്മം നിൎവ്വഹിച്ചതു് ചങ്ങനാശേരി മെത്രാനച്ചൻ തിരുമനസ്സുകൊണ്ടായിരുന്നു. തിരുസ്വരൂപഭഞ്ജകനായ പരമുപിള്ളക്കു് രണ്ടു കൊല്ലത്തെ കഠിനതടവും ൫൦ ക. പിഴയും, പിഴ ഒടുക്കാഞ്ഞാൽ രണ്ടു മാസത്തെ കഠിനതടവു കൂടുതലും ശിക്ഷനല്കി ഒന്നാംക്ലാസു മജിസ്റ്റ്രേററു മി. എൻ. ഗോവിന്ദൻ വിധിപ്രസ്താവിച്ചിരിക്കുന്നു.

പള്ളുരുത്തി സുറിയാനിപ്പള്ളി ഇടവക കാട്ടിത്തറ ഔസേപ്പിൻെറ മാതാവു് ഇക്കഴിഞ്ഞ ജൂലായി ൨൨-ാംനു ൭൪-ാമത്തെ വയസ്സിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. പരേതയുടെ ആത്മാനുകൂലാൎത്ഥം വിശ്വാസികൾ പ്രാൎത്ഥിപ്പാറാകണം. **R. I. P.**

---

# SADHANA AUSADHALAYA, DACCA.

— അദ്ധ്യക്ഷൻ —

## യോഗേശ ചന്ദ്രഘോസ്, എം. എ, എഫ്. സി. എസ്സ്.

ആയുൎവ്വേദ വിധിപ്രകാരം തയ്യാറാക്കീട്ടുള്ള ശുദ്ധമായ ഔഷധങ്ങൾ.

ഔഷധപ്പട്ടിക ആവശ്യക്കാൎക്കു വെറുതെ അയച്ചുകൊടുക്കുന്നതാണ്. രോഗവിവരം അറിയിച്ചാൽ സൌജന്യമായി ഔഷധം നിശ്ചയിച്ചുകൊടുക്കും.

**മകരദ്ധ്വജ** (സ്വൎണ്ണസിന്ദൂരം.) ത്രിദോഷങ്ങൾ കോപിച്ചുണ്ടാകുന്ന എല്ലാ രോഗങ്ങൾക്കും സിദ്ധൌഷധമാകുന്നു. ഇതു് ശരീരത്തിനും മനസ്സിനും ഓജസ്സും ശക്തിയും വൎദ്ധിപ്പിച്ചു് ജീവിതം സന്തോഷമുള്ളതാക്കി തീൎക്കുന്നു.

ഒരു ത്രപാത്തുകത്തിന് ക. ൪.

**ശാരിബാദിസരസം.** ഇതു് ഉഷ്ണപ്പുണ്ണിന് കൈകണ്ട മരുന്നാണ് രസസേവനം കൊണ്ടുണ്ടായ വിഷം, അസ്ഥിസ്രാവം, മൂത്രരോഗങ്ങൾ, രക്തദൂഷ്യം ഇവയ്ക്കും വിശേഷപ്പെട്ടതു്.

ഒരുസേറിന് ക. ൩

**സുഖദ സഞ്ജീവനി.** ഓജഃക്ഷയം, ഇന്ദ്രിയസ്ഖലനം, സ്വപ്നദോഷം മുതലായ രോഗങ്ങളെ വേഗത്തിൽ സുഖപ്പെടുത്തും. സേർ ഒന്നിന്ന ക. ൧൩.

**അബലബാന്ധവയോഗം:-** ഇതു സ്ത്രീകളുടെ അസൃഗ്ദരം മുതലായ ആൎത്തവ സംബന്ധമായ എല്ലാ രോഗങ്ങളിലും പ്രശസ്തമായിട്ടുള്ളതാകുന്നു. ൧൩ തവണ സേവിപ്പാനുള്ള ഒരു കുപ്പിക്കു വില ക. ൨. അമ്പതിന്ന ക. [illegible].

കൂടുതൽ വിവരത്തിന്ന മുകളിൽ കാണിച്ചിരിക്കുന്ന മേൽവിലാസത്തിൽ എഴുതുക.

---

# നിലക്കാരിച്ചുമ.

നിങ്ങളുടെ കുട്ടികളെ ൩ മാസം തുടരെ ചുമയ്ക്കുവാൻ അനുവദിക്കരുതു. ഞങ്ങളുടെ മരുന്നു ഉപയോഗിക്കുന്നതായാൽ പന്ത്രണ്ടു ദിവസംകൊണ്ടു ചുമ നിറുത്തുവാൻ നിങ്ങൾക്കു സാധിക്കുമെന്നു അതിശയോക്തിസ്പൎശംകൂടാതെ പറയാം.

ഒരു കുപ്പിക്കു വില ക. ൨-൧൨-൦

## കാസശ്വാസനിവാരണി.

നിങ്ങൾ പലെ ഔഷധങ്ങൾ ഉപയോഗിച്ചിട്ടും എങ്ങൽ മാറാതെയിരിക്കയാണെങ്കിൽ അവസാനമായി ഈ മരുന്നു ഉപയോഗിച്ചുനോക്കുക. തീൎച്ചയായിട്ടും സുഖം കിട്ടും.

കുപ്പി ഒന്നിന്ന ക. ൪-൮-൦

## പ്രമേഹസംഹാരി.

ഈ മരുന്നു ആറു മാസം ഉപയോഗിച്ചാൽ എത്ര പഴകിയ പ്രമേഹവും പൂൎണ്ണ സുഖമാകുന്നതാണ്.

ഒരു കുപ്പിക്കു വില ക. ൪-൧൨-൦.

വാതാരി: എല്ലാത്തരം വേദനകൾക്കും വാതത്തിനും വിശേഷമാണു. പോഷകകരമായ വീൎയ്യം: അഗ്നിമാന്ദ്യം, ശിരസ്സ്തോതം, ബലക്ഷയം, ഹൃദ്രോഗം മുതലായ സുഖക്കേടുകൾക്കു പ്രസിദ്ധിപ്പെട്ടതു്. ജ്വരഹാരി: മലമ്പനിക്കും മലബന്ധത്തിനും ഉപയോഗിക്കേണ്ടതു്. 'എമ്മിന': എല്ലാ ത്വഗ്രോഗങ്ങളും വേഗത്തിൽ സുഖമാക്കും. വിഷൂചിക, വയറുകടി, ഉഷ്ണപ്പുണ്ണു മുതലായ രോഗങ്ങൾക്കുള്ള സിദ്ധൌഷധങ്ങളും തയ്യാറുണ്ടു്. ഈ ഔഷധങ്ങളുടെ ഫലസിദ്ധിയെപ്പററി വൈദ്യന്മാരുടെ അനവധി സൎട്ടിഫിക്കേററുകൾ കിട്ടീട്ടുണ്ടു്.

പെരേര ആൻഡ് കമ്പനി, കെമിസ്റ്റസ്,

നമ്പ്ര് ൧൧, കോഴിക്കോടു മലബാർ.

# പ്രസിദ്ധ ഔഷധങ്ങൾ.




## Malariana മലേറിയാനാ.

ഈ കീൎത്തിപ്പെട്ട ഔഷധം മലമ്പനി, വിറപ്പനി, ശീതപ്പനി, ഒന്നരാടൻ പനി, മുറപ്പനി മുതലായ എല്ലാവിധ പനികളെ മാറുകയും, പ്ലീഹോദരം എന്ന വയററിൽ ഉണ്ടാകുന്ന വീക്കത്തെ ഉരുക്കിക്കളഞ്ഞു സമ്പൂൎണ്ണസുഖത്തെ നല്കുകയും ചെയ്യുന്നതിന്നു ഇതു ഒരു പ്രസിദ്ധ ഔഷധമാണെന്നു എല്ലാവരും അറിഞ്ഞിരിക്കേണ്ടുന്നതാകുന്നു. വില 8 ഔൺസിന്നു 1 ക. 8 ണ; 1 ഡജന്നു 16 ക. 8 ണ; 4 ഔൺസിന്നു 14 ണ; 1 ഡജന്നു 9 ക. 12 ണ;

**SYRUP SARSAMOGA.** രക്തശുദ്ധീകര ഔഷധം.

ശരീരം മുഴുവനും ചൊറി, ചിരങ്ങ്, കുരു, വ്രണം, വീക്കം മുതലായ രക്തദൂഷ്യത്താലുണ്ടാകുന്ന സൎവ്വപീഡകളെയും ഗുണപ്പെടുത്തി, ശരീരത്തെ കാന്തിയും, ശോഭയുമുള്ള സ്വൎണ്ണമയമാക്കുവാൻ ശക്തിയുള്ള ഒരു പ്രാണസ്നേഹിതനാണ് സിറപ്പ് സൎസ്സ അമോഗ. വില 8 ഔൺസിന്നു 3 ക. 8 ണ. ചെറിയ കുപ്പി 1 ക്കു 1 ക. 14 ണ.

**BABYTONE.** ഗ്രഹണിഅന്തക.

ഗ്രഹണി എന്ന ദീനത്താലോ ജീൎണ്ണക്കേടു ക്രമക്കേടു കൊണ്ടോ ശരീരം മെലിഞ്ഞു എല്ലും തോലും മാത്രം ഉള്ള കുട്ടികളെ ബേബിടോൺ എന്ന ഔഷധപ്രയോഗത്താൽ ക്ഷണത്തിൽ കൈകാലുകൾക്കും, ഞരമ്പുകൾക്കും രക്തചലനവും ശക്തിയും വരുത്തി ദേഹം കാത്തുരക്ഷിക്കുന്നവളായ ഉത്തമ മാതാവത്രെ. വില 4 ഔൺസിന്നു 1 ക. 4 ണ.

**EAR OIL.** ചെവി ചോരുന്നതിന്നു.

ചെവിട്ടിൽ വേദനയുണ്ടായി ചെവികേളായ്ക, ചെവിയിൽനിന്നു ചലംവാരുക, നാററം പുറപ്പെടുക എന്നിങ്ങനെ പലതരമുള്ള ദീനങ്ങളെയും ഇയർഓയിൽ എന്ന എണ്ണ സുഖപ്പെടുത്തുന്നതാകുന്നു. വില ½ ഔൺസിന്നു 8 ണ; 1 ഔൺസിന്നു 14 ണ.

**SYRUP CARDUS.** പിത്തഹര ഔഷധം.

ഉറക്കമില്ലായ്മ, തലതിരിച്ചൽ, പിത്തം ഛൎദ്ദിക്കൽ, കൈകാൽതളൎച്ച, ശരീരം കുഴയുക, മലമൂത്രങ്ങളുടെ അക്രമം, നെഞ്ഞുനീറൽ ഇവയെല്ലാം ഗ്രഹസ്ഥഹിംസകന്റെ പീഡകളല്ലയോ? എന്നാൽ ഈ സിറപ്പ് കരൾ ഗുന്മൻ എന്നവയുടെ എല്ലാ കേടുകളെയും നിരാകരിച്ചു ശരീരത്തിന്നു പുഷ്ടിയും ആരോഗ്യവും വൎദ്ധിപ്പിക്കുന്ന ഒരു മിത്രമാണെന്നതിന്നു സംശയമില്ല. വില 8 ഔൺസിന്നു 3ക 8ണ. ചെറിയ കുപ്പി 1ക്കു 1ക. 14ണ.

**RINGWORM BALM.** ത്വക്രോഗത്തിന്നു

ശരീരത്തിന്റെ നാനാഭാഗങ്ങളിലും വ്യാപിച്ചിരിക്കുന്ന പുഴുക്കടി, തഴുതണം, വരട്ടുചൊറി, ചിരങ്ങ്, വ്രണം, ചുണങ്ങ് എന്നിവയെ ക്ഷണത്തിൽ സുഖപ്പെടുത്തും. വില ഡബ്ബി 1 ന്നു 5 ണ; 1 ഡജന്നു 3 ക.

ചികിത്സസംബന്ധമായ പുസ്തകം സൗജന്യമായി ആവശ്യക്കാൎക്കു അയച്ചുകൊടുക്കുന്നതാണ്. ഇതിന്നുപുറമെ ഹോമിയോപ്പതിയും ടിഷ്യൂമരുന്നുകളും ആവശ്യംപോലുണ്ടു.

THE MALARIANA Co.
8 Hampankatta,
Mangalore S. K.

ദി മലേറിയാനാ കമ്പനി,
8 ഹംപൻകട്ട,
മംഗലാപുരം.

Reg. No. C. 130

# പഞ്ചാംഗം.

## ൧൧൧൦ ചിങ്ങം - കന്നി. സെപ്റ്റംബർ ൧൯൩൪.

| | | | | |
|---|---|---|---|---|
| ൧൬ | 1 | ശ | | വി. എജീദിയോസ്. |
| ൧൭ | 2 | ഞാ. | ✠ | വി. ബ്രോക്കാർഡ്, |
| ൧൮ | 3 | തി. | | വി. സെറാപ്പിയാ. |
| ൧൯ | 4 | ചൊ. | | വി. മൂശ നിവ്യാ. |
| ൨൦ | 5 | ബു. | | വി. ലോറൻസ് യുസ്റ്റി. |
| ൨൧ | 6 | വ്യാ. | | വി. സക്കറിയാ. |
| ൨൨ | 7 | വെ. | | വി. അദ്രിയാൻ പാ. |
| ◉ | 8 | ശ. | ✻ | എ. ഭാ. ക. മറി. പിറവി. |
| ൨൪ | 9 | ഞാ. | ✠ | വി. പീററർ ക്ലാവർ. |
| ൨൫ | 10 | തി. | | വി. നിക്കൊളാവോസ്. |
| ൨൬ | 11 | ചൊ. | | വി. എമിലിയൻ. |
| ൨൭ | 12 | ബു. | | വി. സിൽവാന്തൂസ്. |
| ൨൮ | 13 | വ്യാ. | | വി. പീലീപ്പോസ്. (ഇ. വി.) |
| ൨൯ | 14 | വെ. | | വി. സ്ലീവാ പുകഴ്ച. |
| ൩൦ | 15 | ശ. | | വി. നിക്കോമിദസ്. |
| ൩൧ | 16 | ഞാ. | ✠ | വി. കൊർണ്ണേലിയൊ പാ. |
| ൧ | 17 | തി | | വി. സാത്തരസ്. |
| ൨ | 18 | ചൊ. | | വി. യൌ. കുപ്പർത്തി |
| ൩ | 19 | ബു. | | വി. യന്നവാരിസ്. (ഇ. വി.) |
| ൪ | 20 | വ്യാ. | | വി. എവുസ്താക്കിയോസ്. (ഇ. വി.) |
| ൫ | 21 | വെ. | | വി. മത്തായി ശ്ലീഹാ. |
| ൬ | 22 | ശ. | | വി. തോമ്മാ വില്ലനോ |
| ☺ | 23 | ഞാ. | ✠ | വി. ലീനോസ് പാപ്പാ. |
| ൮ | 24 | തി. | | വി. പപ്നൂസിയസ്. |
| ൯ | 25 | ചൊ. | | വി. ജരാർഡ്. |
| ൰ | 26 | ബു. | | വി. ചിപ്രിയാനോ. |
| ൧൧ | 27 | വ്യാ. | | വി. കോസ്മോയാൻ ദമി |
| ൧൨ | 28 | വെ. | | വി. വെൻശെസ്ലാ. |
| ൧൩ | 29 | ശ. | | വി. മിഖായേൽ. |
| ൧൪ | 30 | ഞാ. | ✠ | വി. ഈറാനീമ്മോസ്. |

✠ എല്ലാവർക്കും കടമുള്ള ദിവസം. ✻ സുറിയാനിക്കാർക്കു കടം.

Printed at the Little Flower Press and published by Fr. Anastasius T. O. C. D
THEVARA, ERNAKULAM, S. INDIA.